KOTTAYAM PUBLIC LIBRARY

Call No. M.A.5. Acc. No. 12531

Author നാരായണപ്പണിക്കർ . ആർ

Title രുക്മിണീസ്വയംവരം

MA5

രുക്മിണീ സ്വയംവരം

12531

കഥകളി

വ്യാഖ്യാതാ,

ആർ. നാരായണപ്പണിക്കർ ബി. എ. എൽ. ററി.
(ശ്രീ ഹനുമാൻ, നാട്യശാസ്ത്രം, അമൃതവല്ലി, ചന്ദ്രനാഥൻ,
പ്രേമോൽക്കർഷം, ആയുർവേദചരിത്രം, അന്നപൂർണ്ണാലയം,
സീത, കേരളഭാഷാസാഹിത്യചരിത്രം, ഇത്യാദി
ഗ്രന്ഥങ്ങളുടെ കർത്താവ്.)

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
വി. വി. ബുക്കുഡിപ്പോ,
ചാല, തിരുവനന്തപുരം.

NATIONAL BOOK STALL SPCS LTD

പകർപ്പവകാശം പ്രകാശകനിൽ

വില അണ 12

പ്രകാശകൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

രണ്ടാംപതിപ്പ് കാപ്പി 500

മോഡേൺ പ്രസ്സ്

തിരുവനന്തപുരം

1124

അവതാരിക

I

കഥകളി

1. ഉൽപത്തി:—

വളരെക്കാലമായിട്ടു് കേരളീയരുടെ മുഖ്യവിനോദമാൎഗ്ഗമായിരിക്കുന്ന കഥകളിയോടു് പാശ്ചാത്യവിദ്യാസമ്പന്നന്മാരായ പലൎക്കും ഇപ്പോൾ അനാദരം തോന്നിത്തുടങ്ങീട്ടുണ്ടു്. ഇതു കഥകളിയുടെ ന്യൂനതകൊണ്ടായിരിക്കണമെന്നില്ല. കഥകളി കണ്ടുരസിക്കുന്നതിന്നു് എല്ലാവൎക്കും സാധിക്കുമോ? കണ്ണുവിരിയുന്നതുമുതല്ക്കു് ഏകദേശം യൗവനപ്രാപ്തിവരെ പുസ്തകം കരണ്ടുകൊണ്ടു് കാലം നയിച്ച ശേഷം ജീവിതായോധനത്തിൽ ഏൎപ്പെടേണ്ടിവരുന്ന ആധുനികന്മാൎക്കു കഥകളിക്കാരുടെ മുദ്രക്കൈകളും മററും പഠിക്കുന്നതിനു സൗകൎയ്യം എവിടെ? അജ്ഞാനം അനാദരത്തെ ജനിപ്പിക്കാതിരിക്കയില്ല. കഥകളിയോടു് ഇങ്ങനെ വിദ്യജ്ജനങ്ങൾക്കുണ്ടായ അനാദരം അതിന്റെ അഭിവൃദ്ധിയ്ക്കു ബാധകമായിത്തീൎന്നിട്ടുണ്ടെങ്കിലും അതുകൊണ്ടൊന്നും കഥകളി ഒരു കലാവിദ്യ അല്ലെന്നു വരുന്നില്ല. പരമാൎത്ഥത്തിൽ അഭിനയവിദ്യയിൽ ഒരു നല്ല ആട്ടക്കാരനോടു മററാരും കിടനില്ക്കുകയില്ലെന്നു പറയാം. ഒന്നുരണ്ടു പൊടിക്കൈപ്രയോഗങ്ങൾകൊണ്ടു്, അയാൾ സ്വൎഗ്ഗത്തേയും പാതാളത്തേയും നമ്മുടെ മുമ്പിൽ പ്രദൎശിപ്പിക്കയും രസഭാവാദികളെ തന്മയത്വത്തോടുകൂടി പ്രകാശിപ്പിക്കയും ചെയ്യുന്നു.

സാഹിത്യാംശത്തിലും കഥകളിയ്ക്കു ചിലർ ആക്ഷേപം പറയാറുണ്ടു്. 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുററം' എന്നാണല്ലോ പഴമൊഴി. കഥകളി അഭിനയപ്രധാനമാണു്. അഭിനയത്തെ വെറുക്കുന്നവർ അതിന്റെ ആധാരമായിരിക്കുന്ന കഥകളിപ്പാട്ടിനേയും കഠിനമായി ആക്ഷേപിക്കുന്നു. ആട്ടക്കഥകൾക്കു് സാഹിത്യഗുണം കുറവാണുപോലും. സാഹിത്യരസം കുറഞ്ഞ ആട്ടക്കഥകൾ വളരെയുണ്ടെന്നു് ആരും സമ്മതിക്കും. എന്നാൽ അങ്ങനെയുള്ള നാടകങ്ങളും ഇല്ലേ? സംസ്കൃതത്തിൽതന്നെ എത്ര നല്ല നാടകങ്ങൾ ഉണ്ടു്? ഉത്തരരാമചരിതം സാഹിത്യദൃഷ്ട്യാ അത്യുത്തമമാണെങ്കിലും ഒരു നാടകം എന്ന നിലയിൽ അതിന്നു ഒരു സ്ഥാനവും ഇല്ല. അഭിനയയോഗ്യതയും കവിത്വവും ഒരുപോലെ തികഞ്ഞനാടകങ്ങൾ ശാകുന്തളം, മൃച്ഛകടികം, മുദ്രാരാക്ഷസം ഇങ്ങനെ മൂന്നുനാലെണ്ണമേയുള്ളു. അതുകൊണ്ടു് നാടകങ്ങൾക്കു പൊതുവേ ആക്ഷേപം പറയാവുന്നതാണോ? അതുപോലെ തന്നെ, അഭിനയയോഗ്യതയും സാഹിത്യഗുണവും മികച്ച രണ്ടുമൂന്നു ആട്ടക്കഥകളെങ്കിലും എടുത്തു പറയാനുണ്ടു്. നളചരിതം ആട്ടക്കഥ ഏതു ഭാഷയ്ക്കാണു് അഭിമാനകരമല്ലാത്തതു്?

കഥകളിയുടെ ഉൽപത്തിവികാസങ്ങളെപ്പററി ശരിയായി ഗ്രഹിക്കണമെങ്കിൽ, കേരളീയരുടെ ഇടയിൽ പ്രചരിച്ചിരുന്ന അഭിനയവിദ്യയുടെ ദശാപരിണതികളെപ്പററി ഒരു ഐകദേശികജ്ഞാനമെങ്കിലും ഉണ്ടായിരിക്കേണ്ടതാണു്. നടനവിദ്യയെ ഉപജീവികാമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഒരു ജാതിക്കാർ കേരളത്തിൽ ഇപ്പോഴും ഉണ്ടു്. അവരെ ചാക്യാന്മാർ എന്നു വിളിച്ചുവരുന്നു. കൂത്തു പറയുന്നതിന്നു് അവർ മാത്രമേ അധികാരികളായി

രുന്നുള്ളൂ. ആ വിഷയത്തിൽ അവർ അദ്വിതീയന്മാരുമായിരുന്നു. ചാക്യാന്മാർ സംസ്കൃത നാടകങ്ങളെ, ഭംഗിയായി അഭിനയിച്ച് വിദ്വജ്ജനസമാരാധനം സമ്പാദിച്ചുവന്നു. എന്നാൽ ക്ഷേത്രപരിസരങ്ങളിൽ മാത്രമേ കൂത്തു നടത്താൻ പാടുണ്ടായിരുന്നുള്ളൂ. അതിനുപുറമേ, ചാക്യാർക്കൂത്തിനു താളലയാനുഗതമായ സംഗീതപ്രയോഗം ഇല്ലെന്നു മാത്രമല്ല നടൻ രംഗത്തിൽ വെച്ച് സംഭാഷണം ചെയ്കയും പതിവാണ്.

ശ്രീരാമാനുജാചാര്യരുടെ കാലശേഷമുണ്ടായ വൈഷ്ണവമതപ്രവാഹം അചിരേണ കേരളത്തിലും വ്യാപിച്ചു. ഇങ്ങനെ പുനരുജ്ജീവിതമായ വൈഷ്ണവമതത്തിന്റെ പ്രധാനലക്ഷണം മധുരഭക്തിയായിരുന്നു. ഭാഗവതന്മാർ എല്ലാദിക്കിലുംനടന്നു ഭഗവദപദാനങ്ങളെ ഗാനരൂപേണ കീർത്തിച്ചുവന്നു. ഏതൽഫലമായി ജയദേവരുടെ ഗീതഗോവിന്ദം നമ്മുടെ നാട്ടിലും പ്രചരിച്ചു. ഗീതഗോവിന്ദത്തിനു അഷ്ടപദി എന്നുകൂടി പേരുണ്ട്. വംഗദേശത്തു പ്രചാരത്തിലിരുന്ന 'യാത്ര' എന്ന വിനോദത്തെ അടിസ്ഥാനപ്പെടുത്തി രചിക്കപ്പെട്ട അഷ്ടപദിയെ താളമേളാദ്യംഗങ്ങളോടുകൂടി കേരളീയർ ആടിത്തുടങ്ങി. കഥകളിക്കാരുടെ സംഭോഗശൃംഗാരപക്ഷപാതം അഷ്ടപദിയിൽനിന്നു പകൎന്നതായിരിക്കണം.

ഈ അഷ്ടപദിയാട്ടം അചിരേണ കൃഷ്ണനാട്ടം എന്നൊരു പുതിയ പ്രസ്ഥാനത്തിനു കാരണഭൂതമായി. അതിന്റെ ഉപജ്ഞാതാവായ കോഴിക്കോട്ടു മാനവേദൻ വില്വമംഗലത്തു സ്വാമിയാരെന്നു വിഖ്യാതനായ ലീലാശുകന്റെ ശിഷ്യനായിരുന്നുവെന്നാണ് ഐതിഹ്യം. ലീലാശുകന്റെ കാലം നിർണ്ണയിക്കുന്നതിനു ചില ലക്ഷ്യങ്ങളുണ്ട്. അദ്ദേഹം ഒരു ശൈവദ്വിജനായിരുന്നെന്ന് ശ്രീകൃഷ്ണകർണ്ണാമൃതം എന്ന കാവ്യത്തിൽ നിന്നു ഗ്രഹിക്കാം.

"ഈശാനദേവചരണാഭരണേന നീവീ-
ദാമോദരസ്ഥിരയശസ്തബകോദ്ഗമേന
ലീലാശുകേന രചിതം തവ ദേവ! കൃഷ്ണ-
കർണ്ണാമൃതം വഹതു കല്പശതാന്തരേപി"

അദ്ദേഹം ദൈവം എന്ന വ്യാകരണത്തിന്നു പുരുഷകാരം എന്നൊരു വ്യാഖ്യാനം കൂടി എഴുതിയിട്ടുണ്ടു്. അതിൻെറ അവസാനത്തിൽ ഇങ്ങനെ കാണുന്നു.

"ഉക്താനുക്ത ദുരുക്താനി
സ്ഥാനേ സ്ഥാനേ വിപഞ്ചിതാ
കൃഷ്ണലീലാശുകേനൈവം
കീർത്തിതം ദൈവവാർത്തികം"

സായണാചാര്യർ ധാതുവൃത്തിയിൽ പുരുഷകാരത്തെ ഉദ്ധരിച്ചു കാണുന്നതിനാൽ കൃഷ്ണലീലാശുകൻ സായണനേക്കാരം പ്രാചീനനാണെന്നു സിദ്ധിക്കുന്നു.

"ലാജഭജിഭർത്സനേച" "ഭർത്സനഗ്രഹണം ഭർജ്ജനസ്യാപ്യുപലക്ഷണമിതി പുരുഷകാരഃ"

സായണൻ വിദ്യാരണ്യൻെറ അനുജനായിരുന്നു. വിദ്യാരണ്യനാകട്ടെ വീരബുക്കമഹാരാജാവിൻെറ മന്ത്രിയായിരുന്നതിനാൽ അദ്ദേഹത്തിൻെറ കാലം നിർണ്ണയിക്കാൻ പ്രയാസമില്ല. ൧൩൭൫ മുതൽക്കു ൧൩൭൯-വരെയാണു്. ബുക്കൻ രാജ്യം ഭരിച്ചതു്. അതുകൊണ്ടു് സായണൻെറ കാലവും ൧൪-ാംശതകത്തിലായിരുന്നുവെന്നതീച്ച്യയാണു്.

പുരുഷകാരത്തിൽ പലേദിക്കുകളിൽ ഹേമചന്ദ്രനെ ഉദ്ധരിച്ചിട്ടുണ്ടു്.

"ഹേമചന്ദ്രസ്തു 'വാതണീ'തിപഠിതവാ, 'സുഖസേവനയോരിത്യേക' ഇതിചോക്തവാ "വേത്യേകഇത്യപ്യാഹ"

"ക്ഷീണാദി, ഇതിഹേമചന്ദ്രഃ"

ഹേമചന്ദ്രന്റെ ജീവിതകാലം ൧൨-ാംശതകത്തിലായിരുന്നു. അതുകൊണ്ടു ലീലാശുകൻ ജീവിച്ചിരുന്നതു് ൧൨-ാംശതകത്തിനും ൧൪-ാംശതകത്തിനും മദ്ധ്യേ ആയിരുന്നു എന്നു സിദ്ധിക്കുന്നു. എന്നാൽ, ഹേമചന്ദ്രന്റെയും ജയദേവന്റെയുംമററും കൃതികൾക്ക ഭാരതഖണ്ഡത്തിന്റെ തെക്കേ അററമായ കേരളത്തിൽ പ്രചാരംസിദ്ധിക്കുന്നതിന് കുറേക്കാലം വേണമല്ലോ. അതിനാൽ ലീലാശുകൻ ൧൩-ാംശതകത്തിൽ ജീവിച്ചിരുന്നുവെന്നു വിചാരിക്കാം. ഈ ഊഹം സംഗതമാണെങ്കിൽ, ഐതിഹ്യപ്രകാരം നമ്മുടെ മാനവേദന്റെ ജീവിതകാലം കൊല്ലവർഷം ൭-ാംശതകത്തിലാണെന്നുവരും. ഇതാണു് ഒരുക്കൂട്ടരുടെ അഭിപ്രായം.

എന്നാൽ കൃഷ്ണലീലാശുകനും വില്വമംഗലത്തു സ്വാമിയാരും ഒരാൾതന്നെയോ? കൃഷ്ണനാട്ടം രചിച്ച മാനവേദൻ വില്വമംഗലത്തിന്റെ ശിഷ്യനായിരുന്നോ? ഇത്യാദി സംശയങ്ങൾ പിന്നെയും നേരിടുന്നു. കൃഷ്ണനാട്ടത്തിന്റെ പ്രാരംഭത്തിൽ കാണുന്ന,

"പ്രേമ്ണാലം ലാല്യമാനഃ സദയമിഹ സദാ
നന്ദസംജ്ഞേന പിത്രാ
രാമേണ ജ്യായസാ വാ വിവശമതിയശോ-
ദാഖ്യയാ വാ ജനന്യാ
ആദീപ്യദ്ദിവ്യഗവ്യാ വിബുധ പരിവൃഢൈ-
രിഷ്ടദാതാഫലമോക്ഷം
പുഷ്ണൻ കൃഷ്ണോ ഗുരുർമേ പരമതമപദോ-
ദ്ഭാസകോ ബോഭവീതു"

എന്ന പദ്യത്തിൽ കവി, തന്റെ ഗുരുവായ ആനായത്തുകൃഷ്ണപ്പിഷാരടിയേക്കൂടി സൂചിപ്പിച്ചിട്ടുണ്ടെന്നു് തൽപ്രസാധകൻ പറയുന്നു. അതിനുംപുറമെ അതിന്റെ അവസാനത്തിൽ,

"ശ്രീമാനവേദാഭിധക്ഷോണീന്ദ്രേണകൃതാ നിരാകൃത കലിർഗ്രാഫ്യാസ്തുതിർഗാഥകൈഃ"

എന്നൊരു കലിസംഖ്യ കൂടിയുള്ളതിനാൽ, കൃഷ്ണനാട്ടം ഉണ്ടായതു് ൮൩൯-ാമാണ്ടു് ധനുമാസം ൧൨-ാംനു-ആണെന്നു സിദ്ധിയ്ക്കുന്നു. എന്നുമാത്രമല്ല മാനവേദചമ്പുവിൽ,

"അംഘ്രിവിഘ്നതികരാണാം കൃഷ്ണനാമ്നാം ഗുരൂണാ-
മനവരതമപാംഗപ്രാവൃഷേണ്യാംബുവാഹഃ"

എന്നു് കവി ഗുരുവിന്റെ പേരിനെ എടുത്തു പറഞ്ഞിട്ടുമുണ്ടു്. ആ ചമ്പു എഴുതിയ കാലത്തു് സാമൂതിരിപ്പാടു് (മാനവിക്രമൻ) ജീവിച്ചിരുന്നതായും,

"വിശ്വാമിത്രാധികാനന്ദദ വിപുലഭുജാ
വിക്രമോ വിക്രമാഖ്യോ
രാജാ രാമാഭിരാമോ ജഗദവനകലാ
ലാലസീ ലാലസീതി"

"സ്വസ്രീയോസ്യ ഖലു ക്ഷമാവലരിപോഃ
ശ്രീമാനവേദാഭിധഃ
സുശ്രാവം ചരിതം സുധാകരകുല
ക്ഷോണീഭൃതാം പാവനം"

എന്ന പദ്യങ്ങളിൽ നിന്നു ഗ്രഹിക്കാം. മാനവേദചമ്പു നിർമ്മിക്കപ്പെട്ടതു് "പാപോദ്യല്ലാലസോയം" എന്ന കലിദിനത്തിലായിരുന്നതിനാൽ അക്കാലമായ ൮൨൪-ൽ ഈ മാനവേദനു് സാമൂതിരിപ്പാട്ടം ഇല്ലായിരുന്നു. കൊല്ലം ൮൨൧ തുലാമാസം മുതൽ ൮൩൨ കുംഭംവരെ കോഴിക്കോട്ടുരാജ്യം ഭരിച്ചിരുന്നതു് മാനവിക്രമനും അതിനുശേഷം ൮൩൪ വരെ കൊടുങ്ങല്ലൂർ വച്ചു് തീപ്പെട്ട മാനവേദനുമായിരുന്നു. ഈ മാനവേദനായിരുന്നു തൃശ്ശിവപേരൂർ കോവിലകങ്ങൾ ചുട്ടുപൊട്ടിച്ചതു്. ഈ ലക്ഷ്യങ്ങൾ വച്ചു

നോക്കിയാൽ കൃഷ്ണനാട്ടത്തിന്റെ കൎത്താവു് 'വൃമവ്യ' വരെ നാടുവാണിരുന്ന മാനവേദനായിരുന്നു എന്നു തീർച്ചപ്പെടുത്താം.

രാമനാട്ടത്തിന്റെ ആവിർഭാവം അതുകൊണ്ടു് വൃമൻ-ാമാണ്ടിനുശേഷമാണെന്നു സിദ്ധിക്കുന്നു. കൊട്ടാരക്കര രാജാവും കോഴിക്കോട്ടുരാജാവും തമ്മിൽ ഉണ്ടായ സൌന്ദൎയ്യപ്പിണക്കമാണല്ലൊ കഥകളിയുടെ ആവിർഭാവത്തിനു ഹേതുവായി പറയപ്പെടുന്നതു്. ഈ ഐതിഹ്യത്തിൽ അല്പം വാസ്തവമുണ്ടായിരുന്നിരിക്കണം. കൃഷ്ണനാട്ടം ഉണ്ടായ ഇടയ്ക്കുതന്നെ, അതൊന്നുകാണാൻ കൊട്ടാരക്കര രാജാവിനു മോഹം ജനിയ്ക്കുയും അദ്ദേഹം കളിയോഗക്കാരെ അയച്ചു കൊടുക്കുന്നതിനു അപേക്ഷിക്കയും ചെയ്തിരിക്കാവുന്നതാണു്. കൃഷ്ണനാട്ടം കണ്ടുരസിക്കുന്നതിനു ശക്തിയുള്ളവരാരും തെക്കൻ ദിക്കിലില്ലെന്നു ഉദ്ധതനായ സാമൂതിരി പറഞ്ഞയച്ചതു നിമിത്തം കൊട്ടാരക്കര രാജാവു് രാമനാട്ടം എന്ന പ്രസ്ഥാനം നിൎമ്മിച്ചതായിരിക്കാം ഏതായിരുന്നാലും പരമഭക്തനും ഔദ്ധത്യലേശമില്ലാത്തയാളുമായ കൊട്ടാരക്കരത്തമ്പുരാന്റെ പ്രസ്ഥാനത്തിനുതന്നെ കാലക്രമേണ വിജയം സിദ്ധിച്ചു.

കൊട്ടാരക്കരത്തമ്പുരാൻ.

കൊട്ടാരക്കരത്തമ്പുരാന്റെ ജീവിതകാലത്തേപ്പറ്റിയും അഭിപ്രായവ്യത്യാസങ്ങളുണ്ടു്. അദ്ദേഹം കഥകളി നിൎമ്മിച്ചതു് മെവ്വ-നും ൭൪൨-നും മദ്ധ്യേ ആയിരിക്കണമെന്നു് ഭാഷാചരിത്രകാരനും വൃമ൦-നും വൃമന്യ-നും മദ്ധ്യേ ആണെന്നു മാവേലിക്കര ഉദയവൎമ്മതമ്പുരാനും അഭിപ്രായപ്പെട്ടുകാണുന്നു. ആട്ടക്കഥയുടെ പ്രാരംഭത്തിൽ തന്നെ "പ്രാപ്താനന്തഫലനശ്രിയഃപ്രിയതമശ്രീരോഹിണീജന്മനോ വഞ്ചിക്ഷ്മാവരവീരകേരളവിഭോരാജ്ഞസ്സ്വസുഃ സൂനുനാ ശിഷ്യേണ പ്രവണേന ശങ്കരകവേരാമായണംവൎണ്ണ്യതേ കാരുണ്യേനകഥാംഗുണേനകവയഃകുർവന്തുതൽകൎണ്ണയോഃ"

എന്നൊരു പദ്യം ചേർത്തിരിക്കുന്നതിനാൽ, കവി ഒരു 'വഞ്ചിക്ഷ്മാവരനായ വീരകേരളന്റെ ഭാഗിനേയനും ശങ്കരകവിയുടെ ശിഷ്യനും ആയിരുന്നുവെന്നു് അറിയാം. കൊട്ടാരക്കരത്തമ്പുരാന്റെ കാലം ൮൦൦-ന്നു മുമ്പു ആയിരിക്കാൻ തരമില്ലാത്തതുകൊണ്ടു് അതിനുശേഷം ജീവിച്ചിരുന്ന ഒരു വീരകേരളവർമ്മയെയായിരിക്കണം മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നതു് അതിനാൽ ഉദയവർമ്മത്തമ്പുരാന്റെ ഊഹം തെററിപ്പോയിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ൮൦൦-ാമാണ്ടിനുശേഷം ആ പേരിൽ ഉണ്ടായ മഹാരാജാവു് ൮൦൧ മുതൽ ൮൧൬ വരെ വഞ്ചിനാടു ഭരിച്ചുകൊണ്ടിരുന്ന ഒരു ഉണ്ണിക്കേരളവർമ്മയായിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനായിരുന്നിരിക്കാം നമ്മുടെ കവി.

ഇനി കവിതയുടെ പേരു് എന്തായിരുന്നു എന്നാലോചിക്കാം. വിഷ്ണ്വിന്ദ്രാഭിഷേകത്തിന്റെ ആരംഭത്തിൽ,

'വഞ്ചിധരാവരബാലവീരകേരളമാനസവാസ'

എന്നു രാമനെ സ്തുതിച്ചുകാണുന്നു. ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു്, കവിയുടെ മാതുലനായ വീരകേരളവർമ്മയേ ആണെന്നാണു് ഉദയവർമ്മ തമ്പുരാനും മററും അഭിപ്രായപ്പെട്ടുന്നതു്. എന്നാൽ അന്യന്റെ മനസ്സിൽ വസിക്കുന്ന രാമ എന്ന സംബുദ്ധി കവിയുടെ ഭക്തിക്കു ലേശം യോജിക്കുന്നില്ല. 'ത്യാഗരാജവിനുത' 'കേശവദാസവിനുത' എന്നിങ്ങനെ കവികൾ അവരവരുടെ പേരുകളെ പാട്ടുകളുടെ അവസാനത്തിൽ ഘടിപ്പിക്കാറുണ്ടു്. അതുപോലെ നമ്മുടെ കവിയും ചെയ്തതായിരിക്കാനാണു സാംഗത്യം. 'വഞ്ചിധരാവരൻ' എന്നുകൂടി പറഞ്ഞിരിക്കുന്നതുകൊണ്ടു്, കവി നാടുവാണുകൊണ്ടിരുന്ന രാജാവായിരിക്കണമെന്നില്ല. വഞ്ചിരാജവംശത്തിൽപ്പെട്ട ഒരു

രാജാവു് എന്നേ അതിന്നു് അർത്ഥമുള്ളു. ഇളയിടത്തു സ്വരൂപവും വേണാട്ടുരാജവംശവും തമ്മിൽ ഒത്തുമുറയ്ക്കോ മറേറാ ബന്ധപ്പെട്ടിരുന്നു എന്നുള്ളതിന്നു് അനേകം ലക്ഷ്യങ്ങളുമുണ്ടു്. ഈ കാരണങ്ങളാൽ രാമനാട്ടത്തിന്റെ കർത്താവായ കൊട്ടാരക്കര രാജാവിന്റെ പേരും കേരള വർമ്മ എന്നായിരിക്കണം.

II

കഥകളിയും നാടകാദികളും

i. നാടകത്തിനും അഷ്ടപദിയാട്ടത്തിനും തമ്മിലുള്ള വ്യത്യാസം

അഷ്ടപദിയാട്ടം നൃത്യവും, നാടകം നാട്യവുമാകുന്നു. നൃത്യം കേവലം നൃത്തത്തിനും നാട്യത്തിനും മദ്ധ്യേ വർത്തിക്കുന്നു. കാവ്യങ്ങളെ പൊതുവേ ദൃശ്യങ്ങളെന്നും ശ്രാവ്യങ്ങളെന്നും രണ്ടായി വിഭജിക്കാം. രാമായണാദികൾ ശ്രാവ്യങ്ങളും ശാകുന്തളാദികൾ ദൃശ്യങ്ങളുമാകുന്നു. ദൃശ്യങ്ങൾക്കു 'രൂപാരോപം' ഉള്ളതുകൊണ്ടു രൂപകമെന്നും പേരുണ്ടു്. അതായതു് രൂപകത്തിൽ നടനിൽ രാമാദിസ്വരൂപങ്ങൾ ആരോപിക്കപ്പെടുന്നു. രൂപകങ്ങൾ എല്ലാം അഭിനയ പ്രധാനങ്ങളാകുന്നു. നടന്മാർ ആംഗികവും, വാചികവും ആഹാര്യവും സാത്വികവുമായ നാലുവിധത്തിൽ ഉള്ള അഭിനയങ്ങൾ പ്രയോഗിക്കുന്നുണ്ടു്. ദശവിധരൂപകങ്ങളിൽ പ്രധാനം നാടകമാകുന്നു. നാടകം ഖ്യാതവൃത്തവും പഞ്ചസന്ധിസമന്വിതവും അഞ്ചുമുതൽ പത്തുവരെ അങ്കങ്ങളോടുകൂടിയതും ആയിരിക്കും. ശൃംഗാരവീരരസങ്ങളിൽ ഒന്നു അംഗിയായിരിക്കണം മററു രസങ്ങൾ പ്രധാന രസത്തെ പോഷിപ്പിക്കുമാറു് യഥോചിതം പ്രയോഗിക്കയും വേണം. ദൂരാധ്വാനം, വധം, രാജ്യദേശാദിവിപ്ലവം, വിവാഹം, ഭോജനം, ശാപോത്സർഗ്ഗം, മൃത്യു, രതം, ദന്ത

ച്ഛേദ്യം, നഖച്ഛേദ്യം, ശയനാധരപാനാദികം, നഗരാദ്യവരോധനങ്ങൾ ഇത്യാദികളെല്ലാം രംഗത്തിൽ പ്രയോഗിച്ചുകൂട.

നൃത്യം നൃത്തംപോലെ കേവലം ആട്ടമോ, നാടകംപോലെ കേവലം അഭിനയമോ അല്ല. അതിൽ നൃത്യനാട്യങ്ങളിൽ രണ്ടിന്റേറയും ലക്ഷണങ്ങൾ കലന്നിരിക്കുന്നു. അഷ്ടപദി നൃത്യജാതിയിൽപ്പെട്ടുന്നതിനാൽ അതിൽ അഭിനയവും, താളലയാനപിതമായ ആട്ടവും ഉണ്ടു്. അതു രസങ്ങളിൽവച്ചു് ശൃംഗാരത്തിനാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. നൃത്തപ്രധാനമായതിനാൽ സംഗീതപ്രയോഗവും അതിൽ അപേക്ഷിതമായിരിക്കുന്നു.

ii. കൃഷ്ണനാട്ടവും അഷ്ടപദിയാട്ടവും

കൃഷ്ണനാട്ടം അഷ്ടപദിപോലെ ശൃംഗാരപ്രധാനമല്ല. വീരമാണു് അംഗിയായ രസം. എന്നാൽ അഷ്ടപദിയിലെന്നപോലെ കൃഷ്ണനാട്ടത്തിലും ആംഗ്യത്തിനും താളലയാനപിതമായ നൃത്തത്തിനും പ്രാധാന്യം നൽകിയിരിക്കുന്നു. അതായതു് കൃഷ്ണനാട്ടവും നൃത്യം തന്നെയാണു്.

iii. രാമനാട്ടവും കഥകളിയും

കൊട്ടാരക്കരരാജാവു് രാമായണകഥയെ എട്ടു കഥകളിയായി രചിച്ചതുകൊണ്ടു് അതിനു് രാമനാട്ടം എന്നു പേർ സിദ്ധിച്ചു. കൃഷ്ണനാട്ടത്തിൽ ശ്ലോകങ്ങളും പാട്ടുകളും സംസ്കൃതമായിരിക്കേ, രാമനാട്ടത്തിൽ, പദങ്ങൾ കേവലം ഭാഷയായിരിക്കുന്നു. രണ്ടാമതായി രാമനാട്ടത്തിൽ കൃഷ്ണനാട്ടത്തിലേക്കാൾ കൂടുതൽ വേഷക്കാരും അപേക്ഷിതമാണു്. കന്നടത്തിലെ കഥകളിയ്ക്കു യക്ഷഗാനങ്ങൾ എന്നു പേരു കാണുന്നതുകൊണ്ടും കൊട്ടാരക്കരരാജാവു് യക്ഷിയുടെയും ഗന്ധർവന്റെയും മുടികളെ പരിഷ്കരിച്ചു വേഷക്കോപ്പുകൾ

നിർമ്മിച്ചതുകൊണ്ടു് രാമനാട്ടത്തിനു കേരളത്തിലെ യക്ഷഗാനങ്ങളോടു ബന്ധം ഉണ്ടെന്നു കാണാം. കഥകളിക്കാർ ഇപ്പോൾ ഉപയോഗിച്ചുവരുന്ന കിരീടാദികളും ചുട്ടിയും മററും പിന്നീടുണ്ടായ പരിഷ്ക്കാരങ്ങളാണു്. കൊട്ടാരക്കര രാജാവിൻെറ കാലശേഷമുണ്ടായ കഥകൾ രാമകഥാവിഷയകങ്ങളല്ലെങ്കിലും അവയേയും രമനാട്ടം എന്നു് ഔപചാരികമായി ചിലർ വിളിക്കാറുണ്ടു്. എന്നാൽ ഇപ്പോൾ കഥകളി എന്ന പേരാണു് പ്രസിദ്ധമായിത്തീൎന്നിരിക്കുന്നതു്.

iv- കഥകളിയും നാടകവും തമ്മിലുള്ള വ്യത്യാസം

കഥകളി നൃത്തത്തിൻെറയും നാട്യത്തിൻെറയും മദ്ധ്യകക്ഷിയിൽ സ്ഥിതിചെയ്യുന്നു; അതായതു് അതു നൃത്തമാകുന്നു. നാട്യപ്രബന്ധം എന്നു് കഥകളിയെ ചിലർ ഔപചാരികമായി വിളിക്കാറുണ്ടെങ്കിലും, അതിനു് ദശവിധരൂപകങ്ങളിൽ ഒന്നിനോടും പറയത്തക്ക സാദൃശ്യമില്ല. ഒന്നാമതായി നാടകത്തിലെന്നപോലെ കഥകളിയിൽ അങ്കവിഭാഗമേ ഇല്ല. രണ്ടാമതായി ദേശകാലയൈക്യങ്ങളിലൊന്നും കഥകളിയിൽ കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പഞ്ചസന്ധികളോ സന്ധ്യംഗങ്ങളൊ ആട്ടക്കഥകളിലെ കഥോപചയത്തിൽ നാം കാണുന്നേ ഇല്ല. മൂന്നാമതായി നാട്യപ്രബന്ധങ്ങളിൽ പാടില്ലെന്നു വിധിച്ചിട്ടുള്ള ദൂരാധ്വാനം, വധം, യുദ്ധം, വിവാഹം മുതലായവയെല്ലാം കഥകളിൽ ധാരാളമായി കാണാം. മിക്ക കഥകളും സ്വയംവരങ്ങളൊ വധങ്ങളൊ ആണല്ലോ. നാലാമതായി നാടകങ്ങളിൽ ഒരു രസം സ്ഥായിയായിരിക്കുകയും മററു രസങ്ങൾ അതിനെ പോഷിപ്പിക്കയും ചെയ്യുന്നു. അങ്ങനെ ഒരു നിയമവും കഥ

കളികളിലില്ല. എന്നു മാത്രമല്ല ശൃംഗാരവീരരസങ്ങൾ ആട്ടക്കഥകളിൽ പ്രായേണ ബീഭത്സമായിച്ചമയുന്നുണ്ടു്.

നളചരിതം ആട്ടക്കഥയിൽ മാത്രം നാടകലക്ഷണങ്ങളിൽ പലതും കാണ്മാനുണ്ടു്. ഒന്നാംദിവസത്തെ കഥ, ഭീമരാജാവിൻെറയും പത്നിയുടെയും പുറപ്പാടുകൊണ്ടു് ആരംഭിക്കാമായിരുന്നിട്ടും കവി അങ്ങനെ ചെയ്തിട്ടില്ല. സംഭവശൃംഗാരത്തിനു ഒരു നല്ല അവസരം രണ്ടാംദിവസത്തെ കഥയുടെ ആരംഭത്തിൽ ലഭിച്ചിട്ടും, കവി അതിനെ ദുരുപയോഗപ്പെടുത്തീട്ടില്ല.

'കുവലയവിലോചനേ ബാലേ ഭൈമി കിസലയാധരേ ചാരുശീലെ' എന്ന പാട്ടു വായിച്ചു നോക്കുക. ഇന്ദ്രാദികളും മററുംവന്നു് വലച്ച'തും 'ഇടയിൽ വന്നിടരെല്ലാം നിലച്ചതും' ഒക്കെനായകൻ സ്വാഭാവികമായ രീതിയിൽ വിവരിച്ചിട്ടു് 'ഇനിയോനിൻകൃപയൊന്നേ എനിക്കു വൈരിണീമന്യേ' എന്നു സൂത്രത്തിൽ ശൃംഗാരപ്രാർത്ഥന ചെയ്യുന്നതേയുള്ളു. നായികയോ? മററു കഥകളിലേ നായികമാരെപ്പോലെ അസ്വാഭാവികമായി ഒരക്ഷരവും മിണ്ടുന്നില്ല.

'കാന്തൻകനിഞ്ഞു പറയുന്നൊരു ചാടുവാക്യം
പൂന്തേൻതൊഴുംമൊഴി നിശമ്യ വിദർഭകന്യാ
ധ്വാന്തംത്രപാമയമപാസ്യ നിശേന്ദുനേവ
സ്വാന്തർമുദാ പുരവരേ സഹ തേന രേമേ'

എന്നു കവി ശ്ലോകത്തിൽ കഴിച്ചതു വളരെ ഉചിതമായി. മററു മഹാകവികളെപ്പോലെ വിപ്രലംഭശൃംഗാരത്തിനാണു് ഉണ്ണായിവാര്യരും പ്രാധാന്യം നൽകിയിരിക്കുന്നതു്. അതുപോലെ തന്നെ മിക്ക കഥകളികളിലേയും പോരിനുവിളി കേട്ടാൽ, അന്നത്തേ രാജാക്കന്മാർ കേവലം തെരുവാളികളായിരുന്നു എന്നു തോന്നിയേക്കും. എ

ന്നാൽ പുഷ്കരൻെറ പോരിനുവിളിയും അതിനു നളൻ പറഞ്ഞ മറുപടിയും വായിക്കുന്നവർക്കു കവിയുടെ ഔചിത്യത്തേപ്പററി അളവററബഹുമാനം തോന്നിയിരിക്കയില്ല. ഇങ്ങനെ ഒക്കെ ആണെങ്കിലും മററു കവികളേയും കുററം പറവാൻ നിവൃത്തിഇല്ല. എന്തുകൊണ്ടെന്നാൽ നാടകക്കാർ നാവുകൊണ്ടു പറഞ്ഞറിയിക്കുന്നതിനെ, കഥകളിക്കാർ ആംഗ്യംകൊണ്ടും, മുഖഭാവംകൊണ്ടും ആണല്ലോ അറിവിക്കേണ്ടതു്. അതിനാൽ അതിനു ആധാരമായിരിക്കുന്ന കവിവാക്യത്തിൽ അതിശയോക്തിയുടെ അപേക്ഷ കൂടാതെ കഴികയില്ല.

III
രുക്മിണീസ്വയംവരം.

i ഗ്രന്ഥകർത്താവു്.

പ്രകൃതകൃതിയുടെ കർത്താവായ അശ്വതിതിരുനാൾ എളയ്തമ്പുരാൻ ൯൩൨-ാമാണ്ടു തിരുവവതാരം ചെയ്തു. അവിടുന്നു് ധർമ്മരാജാവു് എന്നു വിഖ്യാതനായ കാർത്തികതിരുനാൾ മഹാരാജാവിൻെറ ഭാഗിനേയനായിരുന്നു. അവിടത്തേ ജ്യേഷ്ഠനും ഇളമുറയും ആയിരുന്ന തമ്പുരാനും വിവിധ കലകളിൽ പ്രവീണനും വിദ്വാനുമായിരുന്നു. ആ തിരുമേനി ൯൬൩-ൽ നാടു നീങ്ങുകയാൽ അശ്വതിതിരുനാൾ ഇളമുറയായെങ്കിലും രണ്ടുകൊല്ലത്തിനുള്ളിൽ ജ്യേഷ്ഠനെ അനുഗമിച്ചു.

അവിടുന്നു് പരിണിതപ്രജ്ഞനും ധർമ്മരാജാവിനെപ്പോലെ തന്നെ പരമഭാഗവതനും സരസകവിയുമായിരുന്നു. ഭാഷയിൽ അവിടുന്നു രചിച്ചിട്ടുള്ള കൃതികൾ, അംബരീഷചരിതം, രുക്മിണീസ്വയംവരം, പൂതനാമോക്ഷം, പൌണ്ഡ്രകവധം എന്നീ ആട്ടക്കഥകളാണു്.

മാതുലന്റേയും ഭാഗിനേയന്റേയും കഥകൾ ആടിക്കണ്ട സരസന്മാരായ രണ്ടു നമ്പൂരിമാരിൽ ഒരാൾ മറേറ ആളോട് 'എടോ! കാത്തികേയനോ അശ്വതിയോ മുമ്പ്?' എന്നു ചോദിച്ചതിന്ന് 'സംശയിപ്പാനെന്തിരിക്കുന്നു? കാത്തികയ്ക്കു മുമ്പെന്നല്ല എല്ലാ നാളുകൾക്കും മുമ്പ് അശ്വതിതന്നെ എന്നു മറുപടി പറഞ്ഞത്രേ.

ii. സാഹിത്യം

അശ്വതിയുടെ കവിതകൾക്ക് നളചരിതത്തിന്റേയും, കോട്ടയം കഥകളുടേയും ഗാംഭീര്യമോ അർത്ഥവൈചിത്ര്യമോ ഇല്ലെങ്കിലും അവ ആടുന്നതിനും പാടുന്നതിനും വായിച്ചു രസിക്കുന്നതിനും ഒരുപോലെ കൊള്ളാവുന്നതുതന്നെയാണ്. പദ്യങ്ങളെല്ലാം സരസമധുരങ്ങളായിരിക്കുന്നു. പ്രസാദമാണ് അവയ്ക്കുള്ള പ്രധാനഗുണം. കവി സവ്ത്ര ഇരയിമ്മൻ തമ്പിയേപ്പോലെ മധുര വാക്കാണ്.

"സൈ്വരം കൈരവബന്ധു ബന്ധുരകരശ്രേണീ കൃപാണീലതാ-
ലൂനപ്രൌഢതമസ്തമാലഗഹനേ ഹാലാം പിബൻ മോഹനേ;
മാദ്യൽ കോകിലഗാമിനീ കളവചോവാചാലിതാശാന്തരേ
രേമേ വൈവതകാചലേ സഹ വധൂജാലേന നീലാംബരഃ"

"സോൽക്കണ്ഠം കളകണ്ഠകണ്ഠമുരളീനാളീഗളൽപഞ്ചമേ
കിഞ്ചിൽ കിഞ്ചിദുദഞ്ചിതാഞ്ചിതലതാസഞ്ചരന്ന കുഞ്ജാന്തരേ
പ്രാചീനാചലമൌലിമണ്ഡനവിധിം പ്രാപ്തം വിധോമ്മണ്ഡലം
ദൃഷ്ട്വാതുഷ്ടമനാ ജഗാദ നൃപതിഃ പ്രേമാകുല പ്രേയസീഃ

ഇത്യാദിശ്ലോകങ്ങളും,

"കനകരുചി രുചിരാംഗിമാരേ
കനിവൊടുകണ്ടിതോ കാനനവിലാസം?"

ഇത്യാദി പദങ്ങളും അവിടത്തെ സരസവാങ്മയത്തിന്നു ഉത്തമോദാഹരണങ്ങളാകുന്നു. ശബ്ദാലങ്കാരങ്ങളിലാ

യിരുന്നു അവിടുന്നു കൂടുതൽ നിഷ്കർഷിച്ചതെന്നു തോന്നുന്നു.

കഥകളികർത്താക്കന്മാർ പൊതുവേ ഭാഷാകവികളെപ്പോലെ സംസ്കൃതകാവ്യങ്ങളിലെ ആശയങ്ങളെ അല്പാല്പം ഭേദഗതിവരുത്തിയും അല്ലാതെയും സ്വകൃതികളിൽ ചേർത്തുകാണുന്നുണ്ട്. നമ്മുടെ കവിയും അങ്ങനെ ചെയ്തിട്ടുണ്ടെന്നു് അവിടത്തെ ഏതുകൃതി വായിച്ചുനോക്കിയാലും കാണാം.

ഇതിവൃത്തം

ഭാഗവതാന്തർഗ്ഗതമാണു് ഇക്കഥ. കഥാഗതിയിൽ ഗ്രന്ഥകർത്താവു് പറയത്തക്ക വ്യത്യാസങ്ങൾ ഒന്നും വരുത്തീട്ടില്ല.

R. Narayana Panicker B. A. L. T.

രുക്മിണീസ്വയംവരം

ഭൈരവി—ചെമ്പട.

ആസീദശേഷധരണീപതിചക്രചക്ര-
വിക്രാന്തവിശ്രുതയശാഃ പ്രഥിതപ്രഭാവഃ;—
രാജാ നിജദ്രവിണനിർജ്ജിതരാജരാജ-
ഭൂതിവ്രജോ ജഗതി ഭീഷ്മകനാമധേയഃ.

ശ്ലോകം 1. ജഗതി (ജഗത്തിൽ). അശേഷധരണീപതി........ യശാഃ) അശേഷധരണീപതിചക്രചക്രവിക്രാന്തവിശ്രുതയശസ്സും) പ്രഥിതപ്രഭാവഃ (പ്രഥിതപ്രഭാവനും) നിജദ്ര ....വ്രജഃ (നിജദ്രവിണംകൊണ്ടു് നിർജ്ജിതമായ രാജരാജഭൂതിവ്രജനും) ഭീഷ്മകനാമധേയഃ (ഭീഷ്മകനാമധേയനും) ആയ രാജാ (രാജാവു്) ആസീൽ=ഭവിച്ചു. അശേഷ....യശസ്സു്=അശേഷധരണീപതിചക്രത്തിൻെറ ചക്രങ്ങളിലും വിക്രാന്തമായ വിശ്രുതയശസ്സോടുകൂടിയവൻ. അശേഷധരണീപതിചക്രം=എല്ലാ രാജസമൂഹം. ചക്രങ്ങൾ=രാജ്യങ്ങൾ. "ചക്രഃ കോകേ പുമാൻ ക്ലീബം വ്രജസൈന്യരഥാംഗയോഃ; രാഷ്ട്രേ ദംഭാന്തരേകുംഭകാരോപകരണാസ്ത്രയോഃ; ജലാവർത്തേപി" എന്നു മേദിനി. ചക്രത്തിനു കോകം (ചക്രവാകം) വ്രജം (സമൂഹം) സൈന്യം, രഥാംഗം, രാഷ്ട്രം (രാജ്യം) ദംഭാന്തരം (കൈതവം), കുംഭകാരോപകരണം, അസ്ത്രം, ജലാവർത്തം (ചുഴി) എന്നീ അർത്ഥങ്ങൾ ഉണ്ടു്. പ്രഥിതപ്രഭാവൻ=പ്രഥിതമായ പ്രഭാവത്തോടുകൂടിയവൻ. പ്രഥിതം=വർദ്ധിച്ച. പ്രസിദ്ധപ്പെട്ട. നിജദ്രവിണം=തൻെറ ദ്രവിണം (ധനം). നിർജ്ജിതം=ജയിക്കപ്പെട്ട. രാജരാജഭൂതിവ്രജം=രാജരാജൻെറ (കുബേരൻെറ) ഭൂതിവ്രജം=ഐശ്വര്യസമൂഹം, ധനസമൂഹം, വൃത്തം വസന്തതിലകം. "ഉക്തം വസന്തതിലകം തഭജം ജഗംഗം."

ഖണ്ഡങ്ങൾ

1. ധർമ്മശീലശിഖാമണി ധൈര്യവാൻ ഭീഷ്മകൻ
നിർമ്മലാംഗൻ നിജപുരേ സമ്മോദേന വാണു.

2. പഞ്ചാനനധീരന്മാരാം പൌരവീരരോടും
ചഞ്ചലേക്ഷണമാരോടും ചാരുകേളിചെയ്തു.

3. ദേവാധിനായകതുല്യൻ പാവനചരിതൻ
ദേവകീനന്ദനപാദസേവൈകനിരതൻ.

4. ശ്രീനായകപദാംഭോജം സാനന്ദം ചിന്തിച്ചു
മാനസതാരിങ്കൽ സദാ മാനനീയശീലൻ.

---

1. ധർമ്മം.......മണി=ധർമ്മശീലന്മാർ മുടിയിൽ അണിയുന്നരത്നം (ശ്രേഷ്ഠൻ). നിർമ്മലാംഗൻ=നിർമ്മലമായ ശരീരത്തോടുകൂടിയവൻ. നിജപുരേ=തൻെറ പുരിയിൽ. സമ്മോദേന=സന്തോഷത്തോടുകൂടി.

2. പഞ്ചാനനധീരന്മാർ=പഞ്ചാനനനേപ്പോലെ (സിംഹത്തേപ്പോലെ) ധീരന്മാർ. പൌരവീരർ=പൌരന്മാരായ വീരന്മാർ പൌരൻ=പുരവാസി. ചഞ്ചലേക്ഷണമാർ=(ചഞ്ചല+ഈക്ഷണ) ചുട്ടലാപാംഗിമാർ, സുന്ദരികൾ.

3. ദേവാധി.......ല്യൻ=ദേവേന്ദ്രനോടു തുല്യൻ. പാവനചരിതൻ=പാവനമായ ചരിതത്തോടുകൂടിയവൻ. പാവനം=പരിശുദ്ധം (സച്ചരിതൻ). ദേവകി.......നിരതൻ=ദേവകീനന്ദനൻെറ (ശ്രീകൃഷ്ണൻെറ) പാദസേവയിൽ മാത്രം താല്പര്യമുള്ളവൻ.

4. ശ്രീനായ....ഭോജം=ശ്രീനായകൻെറ (വിഷ്ണുവിൻെറ) പാദാംഭോജത്തെ (കാൽത്താരിനെ)-അംഭോജം=താമര. സാനന്ദം=ആനന്ദത്തോടുകൂടി. മാനസതാരിങ്കൽ ചിന്തിച്ചു=ഉൾത്താരിൽ ധ്യാനിച്ചു.

തോടി—ചെമ്പട

സോല്ക്കണ്ഠം കളകണ്ഠകണ്ഠമുരളീനാളീഗളൽപഞ്ചമേ
കിഞ്ചിൽകിഞ്ചിദുദഞ്ചിതാഞ്ചിതലതാസഞ്ഛന്ന
കുഞ്ജാന്തരേ;
പ്രാചീനാചലമൌലിമണ്ഡനവിധിം പ്രാപ്തം
വിധോൎമ്മണ്ഡലം
ദൃഷ്ട്വാ തുഷ്ടമനാ ജഗാദ നൃപതിഃ പ്രേമാകുലഃ പ്രേയസീഃ 2

ശ്ലോകം 2. കള......പഞ്ചമേ (കളകണ്ഠകണ്ഠമുരളീനാളിയിൽ നിന്നു് ഗളത്തായ പഞ്ചമശ്രുതിയോടുകൂടിയ) കിഞ്ചി.......ന്തരേ (കിഞ്ചിൽ കിഞ്ചിദുദഞ്ചിതമായ അഞ്ചിതലതകൊണ്ടു് സഞ്ഛന്നമായ കുഞ്ജാന്തരത്തിൽവെച്ചു്) പ്രാചീ.......വിധിം പ്രാപ്തം (പ്രാചീനാചലമൌലിമണ്ഡനവിധിയേ പ്രാപിച്ച) വിധോഃ=(വിധുവിന്റെ) മണ്ഡലം (മണ്ഡലത്തെ) ദൃഷ്ട്വാ=കണ്ടിട്ടു്. തുഷ്ടമനാഃ=(തുഷ്ടമനസ്സായ) നൃപതിഃ=(രാജാവു്). പ്രേമാകുലഃ=(പ്രേമാകുലനായി) പ്രേയസീഃ=(പ്രേയസിമാരോടു്) സോല്ക്കണ്ഠം=(ഉൽക്കണ്ഠാപൂൎവ്വം) ജഗാദ=(പറഞ്ഞു) കളകണ്ഠ....നാളി=കളകണ്ഠങ്ങളുടെ (കുയിലുകളുടെ) കണ്ഠങ്ങളാകുന്ന മുരളീനാളി (ചീങ്കുഴൽ); കിഞ്ചിൽ കിഞ്ചിദുദഞ്ചിതം (അല്പാല്പം ഉദഞ്ചിതമായ) ഉദഞ്ചിതം=മേൽപ്പോട്ടുഉയൎന്ന. അഞ്ചിതലതാസഞ്ഛന്നം=മനോഹരമായ ലതകൾകൊണ്ടു് സഞ്ഛന്നം (മറയ്ക്കപ്പെട്ട) കുഞ്ജാന്തരം=വള്ളിക്കുടിലിന്റെ അന്തൎഭാഗം. പ്രാചീനാ....വിധിം=പ്രാചീനാചലത്തിന്റെ (ഉദയ പൎവ്വതത്തിന്റെ) മൌലിമണ്ഡനവിധി=(മൌലിയുടെ ശിരസ്സിന്റെ; മണ്ഡനവിധി, അലങ്കരണമാകുന്ന ക്രിയാ) വിധു= ചന്ദ്രൻ. മണ്ഡലം=ബിംബം. തുഷ്ടമനാഃ=സന്തോഷിച്ച. പ്രേയസിമാർ= ഭാൎയ്യമാർ. ഉൽക്കണ്ഠ=ഇഷ്ടവസ്തുവിനെ പ്രാപിക്കുന്ന വിഷയത്തിൽ. കാലവിളംബം സഹിക്കാതിരിക്കുന്ന മനസ്ഥിതി. ,ശാർദ്ദൂലവിക്രീഡിതംവൃത്തം "പന്ത്രണ്ടാൽമസജംസതം തഗുരുവും ശാൎദ്ദൂലവിക്രീഡിതം",

ഖണ്ഡങ്ങൾ

1. ചന്ദ്രമുഖിമാരെ! കാണ്ക ചാരുതരമഹോ!
ചന്ദ്രനിതാ വിലസുന്നു സാന്ദ്രമോദകരൻ.

2. സോമബിംബസിതമണികോമളപഞ്ജരേ
സാമോദമങ്കകോകിലകാമിനി വാഴുന്നു.

3. നിങ്ങളുടെ വദനവും നിജമണ്ഡലവും
നിർമ്മലകരനറിവാൻ നൂനമങ്കിതനായി.

4. മാരവീരവീരപാണചാരുഭാജനമോ!
സാരസമോ കാണ്കനാകവാഹിനിതന്നുടെ!

---

1. ഹേ ചന്ദ്രമുഖിമാരേ! സാന്ദ്രമോദകരനായ ചന്ദ്രൻ ഇതാ ചാരുതരം വിലസുന്നു. അഹോ=ആശ്ചര്യം സാന്ദ്രമോദകരൻ=സാന്ദ്രമായ മോദത്തെ ചെയ്യുന്നവൻ. സാന്ദ്രം=തിങ്ങിയ, ചാരുതരം=വളരെ മനോഹരമായി.

2. സോമ.......പഞ്ജരേ=ചന്ദ്രബിംബമാകുന്ന സ്ഫടികംകൊണ്ടു രചിക്കപ്പെട്ട കോമളമായ കൂട്ടിൽ. അങ്കകോകിലകാമിനി=അങ്കമാകുന്ന പെൺകുയിൽ. (ചന്ദ്രന്റെ കളങ്കമാകുന്ന പെൺകുയിൽ.) രൂപകാലങ്കാരം.

3. നിങ്ങളുടെ വദനത്തേയും തന്റെ മണ്ഡലത്തേയും തിരിച്ചറിയുന്നതിനുവേണ്ടി നിർമ്മലകരനായ ചന്ദ്രൻ അങ്കിതനായതാണെന്നുള്ളതിനു സംശയമില്ല. ഈ കളങ്കം (അടയാളം) ഇല്ലെങ്കിൽ ചന്ദ്രബിംബത്തെ നിങ്ങളുടെ വദനബിംബങ്ങളിൽ നിന്നു തിരിച്ചറിവാൻ സാധിക്കയില്ലെന്നു സാരം—ഗമ്യോൽപ്രേക്ഷ, നിർമ്മലകരൻ=നിർമ്മലമായ കരങ്ങളോടുകൂടിയവൻ, കരം=രശ്മി.

4. മാര....ഭാജനമോ=മാരവീരന്റെ വീരപാണത്തിനുള്ള ചാരുഭാജനമായിരിക്കുമോ! ദിഗ്വിജയത്തിനു പുറപ്പെടുമ്പോൾ മാരവീരനു കുടിപ്പാനുള്ള വീരപാണം ഒഴിച്ചുവച്ചിരിക്കുന്ന ഭാജനമാണോ എന്നർത്ഥം. യുദ്ധത്തിനു പോകുന്നതിനു മുമ്പോ അതിനു ശേഷമോ പടയാളികൾ സേവിക്കുന്ന ലഹരിപദാർത്ഥമാണ് വീരപാണം. ചന്ദ്രികകാമോദ്ദീപകമായതിനാൽ ചന്ദ്രബിംബത്തെ മാരവീരവീരപാണഭാജനമായി സന്ദേഹിക്കുന്നു. നാകവാഹിനി

5. വ്യോമകമലിനീചരകോമളഹംസമോ!
കാമന്റെ ചാമരമോ കണ്ടാലും ചന്ദ്രനോ!

6. കാമിനിമാരെ കണ്ടാലും കോകിലമിവിടെ-
ക്കാമന്റെ വന്ദിപോലെ കാനനേ കൂകുന്നു.

7. നിങ്ങളുടെ മുഖങ്ങളാൽ നിർജ്ജിതനായി ശശി
മങ്ങി; മുകുളിതമായി മഞ്ജുകഞ്ജപുഞ്ജം.

കാമോദരി--ചെമ്പട

പല്ലവി

കരുണാലയ! വീര! ശൃണു വചനം
ധരണീധരവീര!

തന്റെ സാരസമോ=അതോ നാകവാഹിനിയുടെ (സ്വർഗ്ഗംഗയിലെ) സാരസമായിരിക്കുമോ! സാരസം=നീക്കാക്ക. "സാരസഃപക്ഷിഭേദേ ഭേദഃക്ലീബന്തു സരസീരുഹേ." എന്നു മേദനി. സാരസ ശബ്ദത്തിനു പുല്ലിംഗമാകുമ്പോൾ നീക്കാക്ക, ചന്ദ്രൻ എന്നീ അർത്ഥവും നപുംസകമാകുമ്പോൾ താമര എന്ന അർത്ഥവും ഉണ്ട്.

5. വ്യോമകമലിനീചര.........സമോ=അതേ, വ്യോമകമലിനിയിൽ ചരിക്കുന്ന മനോഹരഹംസമായി വരുമോ, വ്യോമകമലിനി=വ്യോമം (ആകാശം ആകുന്ന) കമലിനി (താമരപ്പൊയ്ക) കാമന്റെ ചാമരമോ=അഥവാ കാമദേവന്റെ ചാമരമായിരിക്കുമോ. സന്ദേഹാലങ്കാരം.

6, ഹേ! കാമിനിമാരേ! കണ്ടാലും! =ഇവിടെ ഈ കാനനത്തിൽ കോകിലം കാമദേവന്റെ വന്ദിപോലെ (സ്തുതിപാഠകൻ എന്നപോലെ കൂകിക്കൊണ്ടിരിക്കുന്നു.) ആംഗലപ്രാസം. ഉപമാലങ്കാരം.

7, നിങ്ങളുടെ മുഖങ്ങളാൽ നിർജിതനായിട്ട് (ജയിക്കപ്പെട്ടിട്ട്) ശശി (ചന്ദ്രൻ) മങ്ങിപ്പോയി. മഞ്ജുകഞ്ജപുഞ്ജവും മുകുളിതമായിരിക്കുന്നു. മഞ്ജു...... പുഞ്ജം=മഞ്ജുവായ (മനോഹരമായ) കഞ്ജങ്ങളുടെ (താമരകളുടെ) പുഞ്ജം (സമൂഹം) നിങ്ങളുടെ മുഖങ്ങൾ ചന്ദ്രബിംബത്തേയും താമരകളേയും വെല്ലുന്നു എന്നു സാരം.

ചരണങ്ങൾ

1. പരധരണീപതിവരനികരേണ
പരിലാളിതപദകമലകരേണ. (കരുണാ)

2. പരിശീലയ മലയാചലപവനം
പരിചലിതാഖില നവനീപവനം. (കരുണാ)

3. മീലതി കമലവനം ഗുണവസതേ
ലോലവിലോചനനിർജ്ജിതമിവ തേ. (കരുണാ)

കരുണാലയം കരുണയ്ക്കു് ഇരിപ്പിടമായുള്ളവനേ. ധരണീധരൻ=രാജാവു്. ശൃണു=കേട്ടാലും.

പരധര.......നികരേണ,=പരധരണീപതിവരന്മാരുടെ നികരത്താൽ; പരധരണീപതിവരന്മാർ=ശത്രുരാജശ്രേഷ്ഠന്മാർ. നികരം=സമൂഹം. കരേണ=കരംകൊണ്ടു് പരിലാളിതപദകമല=പരിലാളിക്കപ്പെടുന്ന പദകമലത്തോടുകൂടിയവനേ,

2. പരിചലിതാഖിലനവനീപവനം=പരിചലിതമായ അഖിലനവനീപവനത്തോടുകൂടിയ. നവനീപവനത്തെ എല്ലാം പരിചലിപ്പിക്കുന്ന എന്നർത്ഥം. ബഹുവ്രീഹിസമാസം. പരിചലിപ്പിക്ക=ഇളക്കുക. നീപവനം=കദംബവനം. (കടമ്പുവൃക്ഷസമൂഹം)—ഈ സമസ്തപദം പവനശബ്ദത്തെ വിശേഷിപ്പിക്കുന്നു. മലയാചലപവനം=മലയപർവ്വതക്കാററു്. പരിശീലയ=പരിശീലനം ചെയ്താലും. മലയപവനൻ കടമ്പുവൃക്ഷത്തെ ചലിപ്പിച്ചുകൊണ്ടു് വീശുന്നു. അതിനെ ഏററാലും എന്നർത്ഥം. ചന്ദ്രിക, കോകിലഗാനം, മന്ദപവനൻ ഇവയൊക്കെ കാമോദ്ദീപകങ്ങളാകുന്നു.

3. ഗുണവസതേ=സൽഗുണങ്ങൾക്കു് ഇരിപ്പിടമായുള്ളവനേ കമലവനം മീലതി=താമരക്കൂട്ടം കൂമ്പുന്നു. 'ക്ലീബംസ്യാൽ കാനനേ നീരേനിവാസേ നിലയേ വനം' എന്നമരഭസൻ. കമലവനം തേ (അങ്ങയുടെ) ലോലവിലോചനനിർജ്ജിതം ഇവ (ലോലവിലോചനങ്ങളാൽ ജയിക്കപ്പെട്ടിട്ടെന്നപോലെ മീലതികൂമ്പുന്നു) എന്നന്വയം. ഉൽപ്രേക്ഷാലങ്കാരം.

4. വിധുകരവിദലിത കുവലയപടലം
വിലസതി മദചലമധുകര ചടുലം. (കരുണാ)

5. കുചകലശോപരി കുങ്കുമമകരം
രചയ ജനാന്തരമോഹന ചതുരം. (കരുണാ)

6. കചനിചയം കുരു സുമനോരുചിരം
കലയ മയാ സഹ രതിപതിസമരം. (കരുണാ)

7. മധുരജനീസമയം രമണീയം
വിധുമുഖമധു വാഞ്ഛതി രമണീയം (കരുണാ)

---

4. വിധുകര........പടലം (വിധുവിന്റെ, ചന്ദ്രന്റെ കരങ്ങൾകൊണ്ടു രശ്മികൾകൊണ്ടു വിദലിതമായ വിടൎന്ന കുവലയപടലം ആമ്പൽക്കൂട്ടം) മദചല........ചടുലം (മദചലമധുകരചടുലമായി വിലസതി=വിലസുന്നു മദചലമധുകരചടുല=മദിച്ചു സഞ്ചരിക്കുന്ന വണ്ടുകളെക്കൊണ്ടു ചടുലം. ചടുലം=ഇളകുന്ന.

5. കുചകലശോപരി=കുചകലശങ്ങളിൽ, കൊങ്കക്കുടങ്ങളിൽ ജനാന്തരമോഹനചതുരം (ജനാന്തരമോഹനചതുരമായ) കുംകുമമകരം (കുംകുമമകരത്തെ) രചയ (രചിച്ചാലും) ജനാന്തര........ചതുരം ജനാന്തരത്തെ മോഹിപ്പിക്കുന്നതിനു സാമൎത്ഥ്യമുള്ള മകരം=മത്സ്യരേഖ (പത്തിക്കീററു്)

6. കചനിചയം (എന്റെ) കചനിചയത്തെ, തലമുടിക്കെട്ടിനെ; സുമനോരുചിരം കുരു=സുമനസ്സുകളെക്കൊണ്ടു രുചിരമാക്കിച്ചെയ്താലും. സുമനസ്സു്=പുഷ്പം രുചിരം=മനോഹരം എന്റെ തലമുടിക്കെട്ടിൽ പൂ ചൂടിയാലും മയാസഹ=എന്നോടു കൂടി രതിപതിസമരം കലയ=രതിക്രീഡചെയ്താലും രസികശിരോമണിയും കാവ്യധൎമ്മമൎമ്മജ്ഞനുമായ ഉണ്ണായിവാൎയ്യരൊഴിച്ചുള്ള മിക്കകഥകളികൎത്താക്കന്മാരും നായികമാരെക്കൊണ്ടു ഈവിധം അസ്വാഭാവികമായി രതിക്രീഡാപ്രാൎത്ഥന ചെയ്യിച്ചുകാണുന്നു.

7. മധുരജനീസമയം രമണീയം=മധുമാസത്തിലെ ഈ രാത്രികാലം രമണീയമായിരിക്കുന്നു. മധുമാസം=വസന്തം ഇയം രമണീ (ഈ രമണീ) വിധുമുഖമധു (വിധുമുഖത്തിലെമധു) വാഞ്ഛതി=വാഞ്ഛിക്കുന്നു നായിക ചുംബനേച്ഛ പ്രകാശിപ്പിക്കുന്നു.

മുഖാരി—അടന്ത

രുക്മിണ്യാ വരരാമണീയകഗുണ-
ഗ്രാമാഭിരാമാകൃതേ
രൂപൌദാര്യ്യഗുണൈസ്സമം നരവരം
സഞ്ചിന്തയന്നേകദാ;
പിംഗോത്തുംഗജടാകലാപഭസിത-
ശ്രീനീലകണ്ഠച്ഛവിം
വീണാപാണിമൃഷിം വിലോക്യ നൃപതിഃ
പ്രാഹ പ്രസാദാകുലഃ 3

പല്ലവി. അരവിന്ദോത്ഭവനന്ദന!

ഈ പദത്തിലെ മധുരാക്ഷരങ്ങളും ചേരകാനുപ്രാസാന്ത്യപ്രാസാദികളും ശൃംഗാരരസപരിപോഷകമായിരിക്കുന്നു. ഗതാനുഗതികത്വം നിമിത്തം ആട്ടക്കഥാകാരന്മാർ ശൃംഗാരരസത്തെ ബീഭത്സമാക്കിത്തീക്കുന്നു എന്നുള്ളതിനു ഈ പദം ഉത്തമ സാക്ഷ്യം വഹിക്കുന്നു.

ശ്ലോകം. ന- ഏകദാ (ഒരിക്കൽ) നൃപതിഃ (ഭീഷ്മകൻ) വരരാമണീയകഗുണഗ്രാമാഭിരാമാകൃതേഃ (ഉൽകൃഷ്ടമായ രാമണീയകഗുണഗ്രാമംകൊണ്ടു അഭിരാമമായിരിക്കുന്ന ചാരുരൂപത്തോടു കൂടിയ രുക്മിണ്യാഃ (രുക്മിണിയ്ക്കു; രൂപൌദാര്യ്യ......സ്സമം= രൂപൌദാര്യ്യഗുണങ്ങളോടുകൂടിയ നരവരം സഞ്ചിന്തയൻ=ഒരു നരവരനെ സഞ്ചിന്തയന്നായിട്ടു (ഇരിക്കവേ) പിംഗോത്തുംഗ...... ച്ഛവിം വീണാപാണിം ഋഷിം (പിംഗോത്തുംഗജടാകലാപഭസിതശ്രീനീലകണ്ഠച്ഛവിയും വീണാപാണിയും ആയ ഋഷിയെ വിലോക്യ (കണ്ടിട്ടു) പ്രസാദാകുലഃ (പ്രസാദാകുലനായി) പ്രാഹ=പറഞ്ഞു. ഗുണഗ്രാമം=ഗുണസമൂഹം സഞ്ചിന്തയൻ=സമ്യക്കാകുംവണ്ണം ചിന്തിച്ചിയങ്ങുന്നവൻ പിംഗോ...ച്ഛവി=പിംഗവണ്ണവും (ഗോരോചനയുടെ നിറത്തോടുകൂടിയ) ഉത്തുംഗവും (വളരെ ഉയരമുള്ളതും) ആയ ജടാകലാപത്തോടും ഭസിതശ്രീയോടുംകൂടിയ നീലകണ്ഠന്റെ ഛവിപോലെയിരിക്കുന്ന ഛവിയോടു കാന്തിയോടു കൂടിയവൻ ഭസിതം=ഭസ്മം നീലകണ്ഠൻ=ശിവൻ വീണാപാണിഃ നാരദൻ ശാർദ്ദൂലവിക്രീഡിതം വൃത്തം.

അ. പ. കരുണാവാരിധേ തവ
ചരണയുഗളം വന്ദേ. (അര)

ചരണങ്ങൾ

1. പരമപുരുഷൻ തൻെറ ചരിതചാരുഗീതേന
പരിപാവിതാഖിലഭുവനജനവിതതേ! (അര)

2. ക്ഷത്രബന്ധുവാകുമെൻ പത്തനേ വരികയാൽ
എത്രയും ധന്യനായത്ര ഞാൻ മഹാമുനേ! (അര)

3. നിന്തിരുവടിയുടെ പാദാംബുജരജസാ
ഹന്ത ചിന്തിക്കിലഹോ വിരജനായേഷ ഞാൻ (അര)

4. രുക്മിണിയുടെ വരനാരെന്നിഹ ചൊല്ലവനേ?
സൽഗുണാലയ! ഭവാൻ ചിന്തിച്ചരുളീടേണം. (അര)

അര....നന്ദന=അരവിന്ദോത്ഭവൻെറ പുത്രനായുള്ളവനെ, നാരദൻ. അരവിന്ദോത്ഭവൻ=അരവിന്ദത്തിൽ (താമരയിൽ) നിന്നു ജനിച്ചവൻ ബ്രഹ്മാവു്,

1. പര....ഗീതേന, പരമപുരുഷൻെറ (മഹാവിഷ്ണുവിൻെറ) ചരിതചാരുഗീതേന=ചരിതചാരുഗാനംകൊണ്ടു്; പരി.......വിതതേ=പരിപാവിതമായ അഖിലഭുവനവിതതിയോടുകൂടിയവനേ! മഹാവിഷ്ണുവിൻെറ യശോഗാനത്താൽ ലോകവാസികളെയെല്ലാം നിഷ്കല്മഷരാക്കിത്തീർത്തവനേ പരിപാവിതം പരിപാവനമാക്കപ്പെട്ട. ഭുവനജനവിതതി=ഭുവനത്തിലുള്ള ജനസമൂഹം.

2. ക്ഷത്രബന്ധു=ക്ഷത്രിയൻ, രാജാവു്.

3. നിന്തിരുവടിയുടെ..........ഞാൻ=അങ്ങയുടെ പാദതാരിലേ രജസ്സ് (പൊടി)കൊണ്ടു് ഞാൻ ഇന്നു് വിരജനായിത്തീന്നിരിക്കുന്നു. ആശ്ചര്യം. രജസ്സുകൊണ്ടു വിരജനായിത്തീൎന്നുവെന്നു പറഞ്ഞിരിക്കുന്നതിനാൽ വിരോധാഭാസം. വിരജൻ=രജസ്സില്ലാത്തവൻ. രാഗാദിവിരഹിതൻ എന്നോ വിഷ്കല്മഷനെന്നോ അൎത്ഥം പറയാം.

കല്യാണി—ചെമ്പട,

പല്ലവി

മംഗലം ഭവതു തവ മാന്യഗുണരാശേ!
തുംഗബലവിമതമതംഗജവരമൃഗേന്ദ്ര! (മംഗലം)

ചരണങ്ങൾ.

1. ദേവദേവൻ നാരായണൻ ദേവകാൎയ്യം മൂലം
ദേവകീനന്ദനനായി ജാതനായി ഭൂതലേ
ദേവവൈരികളെക്കൊന്നു പാലിപ്പതിന്നതിവേലം.
(മംഗലം)

2. പാരാവാരമദ്ധ്യമതിൽ പാരം വിളങ്ങീടുന്ന
ദ്വാരവതിയാംപുരിയിൽ കാമപാലനോടും
സ്വൈരം വാഴുന്ന ഗോവിന്ദൻ യാദവവീരന്മാരോടും.
(മംഗലം)

3. ഏണമിഴിയായീടുന്ന രുഗ്മിണിതന്നുടെ
പ്രാണനാഥൻ മുകുന്ദനെന്നോർക്കപരിചോടെ
ക്ഷോണീപാലതവഭാഗ്യമെന്തിഹചൊൽവതിവിടെ
(മംഗലം)

കേദാരഗൌഡം—ചെമ്പട,

ഉക്ത്വേതി വൈണികമുനിസ്സ തദാന്തരിക്ഷം
വിജ്ഞാപ്യ ഭൂമിരമണം സഹസാദ്ധ്യരുക്ഷൽ;

മാന്യഗുണരാശേ! തുംഗ... ...മൃഗേന്ദ്ര=തുംഗബലന്മാരായ, (വളരെ ശക്തിയുള്ളവരായ,) വിമതമതംഗജവരന്മാൎക്കു്, (ശത്രുക്കളാകുന്ന ആനശ്രേഷ്ഠന്മാൎക്കു്) മൃഗേന്ദ്രനായുള്ളവനേ.

1. അതിവേലം=വേലയെ (അതിരിനെ) അതിക്രമിച്ചു്; നല്ലപോലെ.

2 കാമപാലൻ=ബലഭദ്രൻ. പാരാവാരം=സമുദ്രം (പാല്ക്കടൽ). ദ്വാരവതി=ദ്വാരക.

ശ്ലോകം 4. തദാ അപ്പോൾ, സ വൈണികമുനിഃ (ആ നാരദൻ) ഇതി ഉക്ത്വാ (ഇപ്രകാരം പറഞ്ഞിട്ടു്) ഭൂമിരമണം, വി

ഭ്രൂഭംഗഭീഷണവിഘൂർണ്ണിത നേത്രയുഗ്മോ
രുക്മീജ്വലന്നഥ രുഷാ ഗിരമുജ്ജഗാര. 4

ഖണ്ഡങ്ങൾ

1. താത! തവ പാദയുഗമാദരേണ വന്ദേ
ചേതസി വളർന്നീടുന്നു കോപമിഹ പാർത്താൽ.
2. ഹന്ത താപസന്മാരുടെ വാക്കുകേട്ടു നീയു-
മെന്തിതേവമൂർച്ചിത്തും ചിന്തിയാതെ വീര?
3. ഭൂപവരനാകും തവ നന്ദിനിയെയിന്നു
ഗോപാലബാലപാശകന്നോ നല്കീടുന്നു?
4. ജാതിയേതെന്നതുമുണ്ടോ പാർത്തു കാണ്കിലിന്നു
പൂതനയെ ഹനിച്ചൊരു പാപനാമവന്നു.
5. എത്രയും പരിഹാസമവന്നുടെ ചരിത്രം
ക്ഷത്രിയപുത്രിക്കു പാർത്താൽ വല്ലവനോ പാത്രം?
6. മേദിനീന്ദ്ര! നിന്നുടയ കാലിണ വന്ദേഹം
ചേദിനാഥന്നു കൊടുപ്പാനെന്തിഹ സന്ദേഹം?

ജ്ഞാപ്യ (ഭൂമീരമണനെ വിവരം ധരിപ്പിച്ചിട്ടു്) സഹസാ (വേഗത്തിൽ) അന്തരീക്ഷം അദ്ധ്യരുക്ഷൽ (അന്തരീക്ഷത്തെ അധിരോഹണം ചെയ്തു) (അനന്തരം) രുക്മീ (ഭീഷ്മകപുത്രൻ) ഭ്രൂഭംഗഭീഷണ വിഘൂർണ്ണിതനേത്രയുഗ്മഃ; ഭ്രൂഭംഗംകൊണ്ടു് ഭീഷണവും വിഘൂർണ്ണിതവും ആയ നേത്രയുഗ്മത്തോടുകൂടി) രുഷാ=രുട്ടുകൊണ്ടു്, (കോപംകൊണ്ടു്) ജ്വലൻ (ജ്വലിച്ചിയങ്ങുന്നവനായി. ഗിരം ഉജ്ജഗാര. (ഗീരുകളെ പറഞ്ഞു.) ഭൂമീരമണൻ=രാജാവു്, അന്തരീക്ഷം=ആകാശം. അധിരോഹണം ചെയ്തു=കയറുക. ഭ്രൂഭംഗം=പുരികംചുളിയ്ക്കൽ. വിഘൂർണ്ണിതം=വിഘൂർണ്ണനം ചെയ്യപ്പെട്ട, ചുഴററപ്പെട്ട. ഭയങ്കരമായ് ഭ്രൂഭംഗത്തോടുകൂടി കണ്ണുരുട്ടിക്കൊണ്ടു പറഞ്ഞു എന്നർത്ഥം.

1. ആദരേണ=ആദരത്തോടുകൂടി. ചേതസി= മനസ്സിൽ.
3. ഗോപാലബാലപാശകന്നു=നീചനായ ഇടയക്കുട്ടിക്കു്

കാമോദരി—ചമ്പ

ഖണ്ഡങ്ങൾ

1. നന്ദന! നീ വരിക സവിധേ വീരവര!
നന്ദിയോടു കേൾക്ക വചനം.

2. എന്തു തവ കാമമെന്നാൽ വീര തവ
ചിന്തയതിനെന്തു? ചെയ്യുൻ
സകലജനനിന്ദ്യമറിക.

3. രഘുവീരവൈരമ്മൂലം ഹതമായി
രണശിരസി രാക്ഷസകുലം.

4. വാസുദേവൻതന്നോടു മമ തനയ!
വൈരമിദമരുതരുതേ.

5. സജ്ജനവിരോധമരുതേ മമ തനയ!

ദ്വിജാവന്തി—ചെമ്പട

പ്രദാനം ചേദീനാം പ്രഭവിതുരിതിപ്രേമപരയാ
കയാചിൽ പ്രോക്താ സാ രഹസി നിജസഖ്യാ വിധുമുഖീ;

---

5. വല്ലവൻ=ഇടയൻ. പാത്രം=യോഗ്യൻ. 3. രഘുവീരവൈരം മൂലം=ശ്രീരാമനോടുള്ള വിരോധംമൂലം രണശിരസി=യുദ്ധത്തിൽ. രാക്ഷസകുലം ഹതമായി=രാക്ഷസവംശം നശിപ്പിക്കപ്പെട്ടു.

ഭീഷ്മകന്റെ സ്വഭാവഗതി നോക്കുക. നാരദന്റെ വാക്കു കേട്ടപ്പോൾ തന്റെ പുത്രിയെ ശ്രീകൃഷ്ണനു നൽകേണമെന്ന് അദ്ദേഹം നിശ്ചയിച്ചു. രുക്മി തടുത്തുപറഞ്ഞപ്പോൾ, 'നിന്റെ ഇഷ്ടം പോലെ ആകാമല്ലോ' എന്നു സമാധാനം പറഞ്ഞിട്ട്, രുക്മിണിയെ ചേദിപനു നൽകാൻ തീർച്ചപ്പെടുത്തി.

ശ്ലോകം ൭. സാ വിധുമുഖീ (ആ ചന്ദ്രമുഖിയായ രുക്മിണി) ചേദീനാം പ്രദാനം പ്രഭവിതുരിതി (നിനക്കു ചേദിപനായുള്ള പ്രദാനം ഭവിക്കാൻ പോകുന്നു എന്നു) പ്രേമപരയാ (പ്രേമപരയായ) കയാചിൽ (ഏതോ ഒരു) നിജസഖ്യാ (തന്റെ സഖിയാൽ)

പ്രസൎപ്പദ്ബാഷ്പാംഭഃസ്നപിതകുചകുംഭാതി വിവശാ
സ്മരന്തീ ഗോവിന്ദം വ്യലപദധികം തീവ്രരുജയാ.

പല്ലവി

ദൈവമേ എന്തിനി ചെയ്യതിന്നധുനാ!

അനുപല്ലവി

ഏവം വരുമെന്നതു ചിന്ത ചെയ്തീലഹോ (ദൈവ

ചരണങ്ങൾ

1. ദേവകീനന്ദനൻ ജീവനാഥനെന്നു
ഭാവിച്ചിരുന്നു ശിശുഭാവേപി ഞാനഹോ! (ദൈവ)

2. അന്തരംഗേ മമ സന്തതം വാഴുന്ന
കാന്തൻ മമ താന്തതാം ഹന്ത കഥമറിയാഞ്ഞു?
(ദൈവ)

രഹസി (ഏകാന്തത്തിൽ, രഹസ്യമായി) പ്രോക്താ (പ്രോക്തയാ)യിട്ട്, പറയപ്പെട്ടിട്ട്) പ്രസൎപ്പൽ.... കുചകുംഭാ (പ്രസൎപ്പത്തായ ബാഷ്പാംഭസ്സുകൊണ്ട് സ്നപിതമായ കുചകുംഭത്തോടുകൂടിയവളായി) അതിവിവശാ (അതിവിവശയായി) ഗോവിന്ദംസ്മരന്തീ (ഗോവിന്ദനെ സ്മരിച്ചുകൊണ്ടു) തീവ്രരുജയാ (തീവ്രരുജയോടുകൂടി) അധികം വ്യലപൽ (വളരെ വിലപിച്ചു). പ്രസൎപ്പത്തായ=ഒഴുകുന്ന. ബാഷ്പാംഭസ്സ്=കണ്ണുനീർ. സ്നപിതം=നനയ്ക്കപ്പെട്ട തീവ്രരുജ=കഠിനാദുഃഖം.

അധുനാ=ഇപ്പോൾ. ശിഖരണീവൃത്തം.

"രസൈരുദ്രൈശ്ഛിന്നാ യമനസഭലാഗശ്ശിഖരിണീ"

1. ശിശുഭാവേപി=ശിശുഭാവത്തിൽപോലും (കുട്ടിയായിരുന്നപ്പോൾ പോലും)

അന്തരംഗം=മനസ്സ്.

2. അന്തരംഗത്തിൽ സദാ വാഴുന്നതായ കാന്തൻ എന്റെ താന്തതയെ കഥമറിയാഞ്ഞു (എന്തുകൊണ്ടറിഞ്ഞില്ല.) ഹന്ത! കഷ്ടം. ഉള്ളിൽ ഇരിക്കവേ, ഉള്ളിലുള്ള താന്തതയെ അറിയേണ്ടതാണല്ലോ. ആ സ്ഥിതിക്ക് അതിനെ അറിയാതിരുന്നതെന്തുകൊണ്ട്, എന്നു സാരം.

3. കരുണാനിധേ മയി കരുണ ചെയ്യായ്കിലോ
ശരണമിന്നാരിനിക്കരുണാംബുജേക്ഷണ ! (ദൈവ)

4. ചെന്താമരാക്ഷനെ ച്ചേൎന്നീടും നീയെന്നു
അന്തണർചൊന്നതും അനൃതമായ്വന്നിതോ? (ദൈവ)

5. നന്ദാത്മജനെന്റെ നാഥനായ്വരുവതിന്നു
ഇന്ദുചൂഡപ്രിയേ! വന്ദേ ഭവാനി! (ദൈവ)

എരിക്കലെ—ചെമ്പട

ഇതിബഹുവിലപ്യൈഷാഭൂഷാവിശേഷപരാങ്മുഖീ
കമപി ധരണീദേവം ദേവീ കൃപാകുലചേതസം;
സപദി സവിധം നീത്വാ നത്വാ തദീയപദാംബുജം
പ്രമദകരിണീയാനാ ദീനാ ജഗാദ മനോഗതം.

ഖണ്ഡങ്ങൾ

1. ഭൂമിസുരവര വന്ദേ ഭൂരികൃപാനിധേ!
സാദരമാദം നിൻ പദാംബുജം സാദരം പാഹിമാം.

---

3. മയി=എന്നിൽ. അരുണാംബുജേക്ഷണൻ=ചെന്താമരക്കണ്ണൻ.

4. നീ ചെന്താമരാക്ഷനെ ച്ചേൎന്നീടും=നീ ശ്രീകൃഷ്ണന്റെ പത്നിയായിത്തീരും. അന്തണർ= ബ്രാഹ്മണർ. അനൃതം=കള്ളം. അനൃതം=ഋതമല്ലാത്തതു്. Cf. right.

5. ഇന്ദുചൂഡപ്രിയാ=ശ്രീപാർവ്വതി. ഇന്ദുചൂഡൻ=ശിവൻ

ശ്ലോകം സ. ഏഷാ (ഈ) ദീനാ പ്രമദകരിണീയാനാ (ദീനയായ പ്രമദകരിണീയാന) ഭൂഷാവിശേഷപരാങ്മുഖീ (ഭൂഷാവിശേഷപരാങ്മുഖിയായി) ബഹുവിലപ്യ (പലവിധത്തിൽ വിലപിച്ചിട്ടു്) ദേവീകൃപാകുലചേതസം കമപി ധരണീദേവം സപദി സവിധം നീത്വാ) ദേവീകൃപാകുലചേതസ്സായ ഒരു ധരണീദേവനെ ഉടനേതന്നെ തന്റെ സവിധത്തിലേക്കു നയിച്ചു) തദീയ പദാംബുജം നത്വാ (അദ്ദേഹത്തിന്റെ പാദാംബുജത്തെ നമിച്ചിട്ടു്, മനോഗതം ജഗാദ=തന്റെ മനോഗതത്തെ പറഞ്ഞു.

2. നിന്നുടെ പാദപങ്കജമെന്നിയേ മേ പാർത്താൽ
അന്യമൊരു ഗതി നഹി മാന്യഗുണരാശേ!
3. തീർത്ഥജലമെന്ന പോലെ തീർത്ഥപാദസംഗം
കീർത്തനീയഗുണ പാപസാർത്ഥഹരമെല്ലോ,
4. ശൈശവം തുടങ്ങിഞാനുമാശയേ ഉറച്ചു
കേശവൻ നാഥനെന്നല്ലോ കേവലം വാഴുന്നു.
5. എന്നെയഹോ ചേദിപനു തന്നെ നൽകീടുവാൻ
ഇന്നു രുഗ്മി നിശ്ചയിച്ചു കിന്നു കരവൈ ഞാൻ?
6. മല്ലവൈരിയോടെന്നുടെയല്ലലശേഷവും
ചൊല്ലീടുക മഹീസുരതല്ലജ! വൈകാതെ.

കാമോദരീ—അടന്ത

പല്ലവി

ചിത്തതാപമരുതേ ചിരം ജീവമത്തവാരണഗതേ!

പ്രമദകരിണീയാനാ=മദിച്ചപിടിയാനയുടെ യാനം (ഗമന) പോലെയുള്ള യാനത്തോടു (നടയോടു) കൂടിയവൾ. സുന്ദരി.

വൃത്തം ഹരിണി, "നസമരസലാഗഃ ഷഡ്വേദൈർഹയൈർഹരിണീമതം."

3. കീർത്തനീയഗുണ=കീർത്തിക്കപ്പെടാനർഹമായ ഗുണങ്ങളോടുകൂടിയവനെ! തീർത്ഥ ......മല്ലോ=തീർത്ഥജലം എങ്ങനെയോ അതുപോലെ തീർത്ഥപാദസംഗവും പാപസാർത്ഥത്തെഹരിക്കുന്നു. തീർത്ഥപാദസംഗം=തീർത്ഥപാദന്മാരുടെ സംഗം (ചേർച്ച). തീർത്ഥപാദന്മാർ=പരിശുദ്ധമായ പാദങ്ങളോടുകൂടിയവർ, പൂജ്യന്മാർ.

4. ഞാൻ ശൈശവം മുതൽക്കേ കേശവൻ നാഥനെന്നു ആശയത്തിലുറച്ചുകൊണ്ടാണ് വാഴുന്നതു്. ആശയം=ഹൃദയം.

5 ചേദിപൻ=ശിശുപാലൻ. കിന്നു കരവൈഞാൻ= ഞാൻ എന്തു ചെയ്യേണ്ടു.

6. മഹീസുരതല്ലജ=ബ്രാഹ്മണശ്രേഷ്ഠ.

അനുപല്ലവി

അത്രനിന്നു ഗമിച്ചു യദുകുല-
സത്തമനോടു ചൊല്ലാം ഇതെല്ലാം (ചിത്ത)

ചരണങ്ങൾ

1. ഭക്തജനങ്ങളിലിത്ര കൃപാകുലചിത്തനതായ് ഭുവനേ
ഉൾത്തളിരിങ്കൽ നിനയ്ക്ക പരൻ നഹി മിത്രമതായ് കദനേ
അത്തലൊഴിഞ്ഞിനി വാഴുക മോദമൊ-
ടത്ര മഞ്ജുവചനേ വൃഥാ ബത. (ചിത്ത)

2. ചേദിമഹീപതിയാദികളായുള്ള മേദിനീപാലന്മാരെ
മേദുരബാണങ്ങളെക്കൊണ്ടു സംസദിഭേദിച്ചുടൻസമരേ
മോദമോടു നിന്നെക്കൊണ്ടുപോം മുകുന്ദൻ
ദ്വാരവതി നഗരേ വൃഥാ ബത. (ചിത്ത)

3. കൊണ്ടൽനേർവർണ്ണനെക്കണ്ടു നിന്നുടയ ഇണ്ടലാശു പറവൻ
കൊണ്ടൽവേണി! തവ കാന്തസന്ദേശവും
കൊണ്ടുവന്നു തരുവൻ
രണ്ടുപക്ഷമതിനില്ല ഭൂസുരനു
കണ്ടുകൊൾക വരുവൻ വൃഥാ ബത. (ചിത്ത)

മത്തവാരണഗതേ=മദയാനയെപ്പോലെ നടക്കുന്നവളെ ചിരംജീവ=വളരെക്കാലം ജീവിച്ചിരുന്നാലും. യദുകുലസത്തമൻ= യാദവശ്രേഷ്ഠൻ (ശ്രീകൃഷ്ണൻ)

1. ഭക്തജനങ്ങളിൽ ഇത്രമാത്രം കൃപാകുലചിത്തനായും കദനത്തിൽ മിത്രമായും ഭുവനത്തിൽ അപരൻ നഹി എന്നു ഉൾത്തളിരിങ്കൽ നിനയ്ക്കുക. കദനം=ദുഃഖം. അപരൻ=അന്യൻ. മഞ്ജുവചനേ=മനോഹരമായി സംസാരിക്കുന്നവളെ!

2. മേദിനീപാലന്മാർ=രാജാക്കന്മാർ മേദുരബാണങ്ങൾ= വളരെ അമ്പുകൾ. സംസദി= സംസത്തിൽ (സദസ്സിൽ വച്ച്

സൌരാഷ്ട്രം—അടന്ത

ഇത്ഥം മുഗ്ദ്ധാവിലോചനാം ദ്വിജവരസ്സാമോക്തിഭിസ്സാ
ന്ത്വയൻ
മദ്ധ്യേവാരിധിബാഡവാനലശിഖാമാലാമിവാലോകിതാം;
ഗത്വാ ദ്വാരവതീം മഹാ മരകതസ്ഥൂലോപലാലംകൃതേ
തിഷ്ഠന്തം പരമാസനേ മുരരിപും പ്രോചേ പ്രസന്നാ
ശയഃ 7

ഖണ്ഡങ്ങൾ

1. യാദവകുലാവതംസ സൂദിതചാണൂരകംസ
മോദിതപരമഹംസ മോഹനപിഞ്ഛാവതംസ!

നാട്ടക്കുറിഞ്ഞി—അടന്ത

പല്ലവി

മേദിനീ ദേവിഭോ! വന്ദേ തവ പാദസരോജയുഗം

ശ്ലോകം ൧. ദ്വിജവരഃ=(ബ്രാഹ്മണശ്രേഷ്ഠൻ) ഇത്ഥം (ഇപ്രകാരം) മുഗ്ദ്ധാവിലോചനാം (മുഗ്ദ്ധാവിലോചനയായ രുഗ്മിണിയെ) സാമോക്തിഭിഃ (സാമോക്തികളെക്കൊണ്ടു്) സാന്ത്വയൻ(സാന്ത്വയന്നായിട്ടു്) മദ്ധ്യേവാരിധി (വാരിധിമദ്ധ്യത്തിൽ) ബാഡവാനലശിഖാമാലാം ഇവ ആലോകിതാം (ബഡവാനലശിഖാമാല എന്നപോലെ ആലോകിതമായ) ദ്വാരവതീം (ദ്വാരകയെ) ഗത്വാ (പ്രാപിച്ചിട്ടു്) പ്രസന്നാശയഃ=പ്രസന്നാശയനായി; മഹാമരകതസ്ഥൂലോപലാലംകൃതെ പരമാസനേ തിഷ്ഠന്തം (മഹാമരതകസ്ഥൂലോപലങ്ങൾകൊണ്ടു് അലംകൃതമായ പരമാസനത്തിൽ ഇരിക്കുന്ന) മുരരിപും (മുരരിപുവിനോടു്) പ്രോചേ=പറഞ്ഞു. സാമോക്തി=സാമവാക്കുകൾ, സാന്ത്വയൻ=സാന്ത്വനംചെയ്തിട്ടു് (സമാധാനപ്പെടുത്തിയിട്ടു്) ബഡവാനലശിഖാമാല=ബഡവാഗ്നി ശിഖകളുടെ മാല. ആലോകിതം=കാണപ്പെട്ട. മഹാമരതകമാകുന്ന സ്ഥൂലോപലംകൊണ്ടു അലംകൃതം ഉപലം=കല്ലു് Cf. opal.

1. യാദവകുലാവതംസ=യദുകുലത്തിനു ഭൂഷണമായുള്ളവനേ, സൂദിതചാണൂരകംസ=ചാണൂരനെന്ന മല്ലനേയും കംസ

അനുപല്ലവി

മോദം മേ വളരുന്നു മനസി
കാണ്കയാൽ നിന്നെ. (മേദിനീ)

ചരണങ്ങൾ

1. ബ്രഹ്മകുലമെല്ലോ ഞങ്ങൾക്കു വിധി
സമ്മതമായൊരു ദൈവതം ബത
തന്മഹിമാലവംകൊണ്ടു ഞാനുമിഹ
ധർമ്മരക്ഷ ചെയ്തിടുന്നു മഹാമതേ! (മേദിനീ)
2. ചിന്തിച്ചതെന്തെന്നതെന്നോടു ഭവാൻ
ചിന്ത തെളിഞ്ഞരുളീടണം ഇന്നു്
എന്തെങ്കിലുമിഹ സാധിച്ചീടുവതി
നന്തരായമതിനില്ല ധരിക്ക നീ. (മേദിനീ)

സൌരാഷ്ട്രം—അടന്ത

ഖണ്ഡങ്ങൾ

1. പങ്കജാക്ഷ! നിന്നുടയ പാദസേവ ചെയ്യുന്നോൎക്കു
സങ്കടങ്ങളകന്നീടും ശങ്കയെന്തതിന്നുപാൎത്താൽ
2. വിശ്വനാഥ! നിന്നെത്തന്നെ വിശ്വസിച്ചു വാണീടുന്ന
ആശ്രിതന്മാൎക്കു നീതന്നെയാശ്രയംമറ്റെന്തു ചൊല്ലു.
3. ഇന്ദുമുഖി രുഗ്മിണിതൻ സന്ദേശാൽ നിന്റെ സവിധേ
നന്ദസൂനോ! വന്നു ഞാനും നന്ദനീയഗുണശീല!
4. സന്തതം ഭവാനെത്തന്നെ കാന്തഭാവേന കാമിനി
ചിന്തിച്ചങ്ങു വാണീടുന്നു ചിന്തിതഫലസന്താന!

നേയും കൊന്നവനേ. മോദിതപരമഹംസ=പരമഹംസന്മാരെ മോദിപ്പിക്കുന്നവനെ. മോഹനപിഞ്ഛാവതംസ=മനോഹരമായ മയിൽപീലി ചൂടുന്നവനേ.

2. അന്തരായം=വിഘ്നം.

3. നന്ദസൂനോ=നന്ദന്റെ പുത്ര

4. ചിന്തിതഫലസന്താന=ചിന്തിതഫലങ്ങളെ നൽകുന്ന വിഷയത്തിൽ കല്പവൃക്ഷമായുള്ളവനെ.

5. ഛേദിപനു നൽകുവാൻ തത്സോദരനും നിശ്ചയിച്ചു
ഖേദംപൂണ്ടു വാണീടുന്നു കേശവ! നിൻജീവനാഥാ
6. നീയവളെ വെടികിലോ ജീവനെയവൾവെടിയും
ഏവം നിന്നോടു പറവാനേണമിഴിയയച്ചെന്നേ.

ബലഹരി—ചെമ്പട

പല്ലവി

ധരണീസുരവര!വന്ദേഹം

അനുപല്ലവി

തരുണീമണിയാമെന്നുടെ രമണിയെ
തരസാ കൊണ്ടിഹ പോന്നീടുന്നേൻ. (ധരണീ)

ചരണങ്ങൾ

I. കേസരിവരനുടെ ഭാഗമിതോക്കിൽ
കേവലമൊരു ജംബുകനുവരുമോ? (ധരണീ)
2. മുരശാസനനുടെ വിക്രമമത്തു തവ
വിരവൊടു കാണാമധിരണമധുനാ. (ധരണീ)
3. പാർത്ഥിവവരരുടെ ചീർത്തമദം യുധി
ക്രൂർത്തശരംകൊണ്ടിഹ തീർത്തീടാം. (ധരണീ)
4. അലമലമിഹബഹുവിധവചനേന
നലമൊടുപോക നാം കുണ്ഡിനനഗരേ. (ധരണീ)

---

5. തൽസോദരൻ=അവളുടെ സഹോദരൻ.

1. കേസരി.........വരുമോ=കേസരിവരനു ചെല്ലാനുള്ളഭാഗം ഒരു ജംബുകനു് (കുറുക്കനു്) പോകുമോ? ഒരിക്കലും ഇല്ല. കേസരി= സിംഹം.

2. മുരശാസനൻ=മുരവൈരി; വിഷ്ണു. അധിരണം=യുദ്ധത്തിൽ

4. ബഹുവിധവചനേന അലം=വളരെ ഒക്കെ പറഞ്ഞിട്ടുകാര്യമില്ലല്ലൊ.

മാരധനാശി—അടന്ത

ദ്വിജോഥ സന്ദേശഹരോ യദൂനാം
പത്യൈ നിവേദ്യാഖിലമേത്യ ഭൂയഃ;
വാക്യാമൃതൈഃ കൃഷ്ണമുഖാദുദീർണ്ണൈ-
സ്സമപ്രീണയാമാസ സരുക്മിണീംതാം.

പല്ലവി

ബന്ധൂകബന്ധുരാധരി സന്താപിക്കായ്ക.

അനുപല്ലവി

ചിന്തിത ചിന്താമണേ! നിൻകാന്തനിങ്ങു വന്നു ബാലെ!.
(ബന്ധൂക)

ചരണങ്ങൾ

1. സർവ്വഭൂപന്മാരുടെ സംസദി സപദി നിന്നെ
പാർവ്വണേന്ദുചാരുമുഖി! പങ്കജാക്ഷൻ കൊണ്ടുപോകും
(ബന്ധൂക)

2. അന്തണേന്ദ്രൻ ചൊന്നാലതിനന്തരം വരുമോബാലേ
എന്തിനി നിൻ കാമമെന്നാൽ ഹന്തതൊന്നാശ്ശു ചെ
യ്തീടാം(ബന്ധൂക)

ശ്ലോ. വ്യ. അഥ (അനന്തരം) സന്ദേശഹരഃ (സന്ദേശഹരനായ) ദ്വിജഃ ദ്വിജൻ, (ബ്രാഹ്മണൻ) യദൂനാംപത്യൈ (യദുക്കളുടെപതിയ്ക്കായി) അഖിലംനിവേദ്യ (എല്ലാം നിവേദനം ചെയ്തിട്ട്) ഭൂയഃ (വീണ്ടും) താം രുക്മിണീംഏത്യ (ആ രുഗ്മണിയെ പ്രാപിച്ച്) കൃഷ്ണമുഖാദുദീർണ്ണൈഃവാക്യാമൃതൈഃ (കൃഷ്ണമുഖത്തിൽ നിന്നു ഉദീർണ്ണമായ വാക്യാമൃതങ്ങളെക്കൊണ്ട്) പ്രീണയാമാസ (പ്രീണിപ്പിച്ചു)

നിവേദനംചെയ്ക= അറിവിക്ക. ഉദീർണ്ണം=പൊഴിഞ്ഞ. പ്രീണിപ്പിച്ചു=സന്തോഷിപ്പിച്ചു. ഇന്ദ്രവജ്രാവൃത്തം. "കേളീന്ദ്രവജ്രയ്ക്കുതതം ജഗംഗം."

ബന്ധൂകബന്ധുരാധരി=ബന്ധൂകം ഉച്ചമലരിപോലെ ബന്ധുരമായ (മനോഹരമായ) അധരത്തോടുകൂടിയവളേ! സന്താപിക്കായ്ക=ദുഃഖിയ്ക്കായ്ക. ചിന്തിതചിന്താമണി=ചിന്തിതാർത്ഥങ്ങളെ നൽകുന്നവിഷയത്തിൽ ചിന്താമണിയായി.

പല്ലവി

മോദഭാരം വളരുന്നു മേദിനീദേവ!

3. പ്രാണദാനം ചെയ്ത തവ പാത്ത്രകണ്ടാൽ തരുവാനായി
കാണുന്നില്ലേതുമഹോ ഞാൻ കാലിണകൈവണങ്ങു
ന്നേൻ (മോദഭാ)

സുരുട്ടി—ചെമ്പട

ഭൂപാലാൻ ശിശുപാലമാഗധമുഖാൻ പ്രാപ്താൻ നിജേ
[മന്ദിരേ
രുക്മിണ്യാ ദുഹിതുസ്സ്വയംവരമഹേ സംഭാവയൻ
[സാദരം;
ഭക്താനുഗ്രഹകല്പിതാകൃതിമഥ ശ്രുത്വാഗതം ശ്രീഹരിം
ഗത്വാഭൂമിപതിസ്തമാഹവിനയാന്മൌലൌനിബദ്ധാ-
[ഞ്ജലിഃ 9.

പല്ലവി

യാദവകുലാംബുനിധി രാമണീയക ചാരു-
യാമിനീകാമുക വിഭോ! കുശലമയി. (യാദവ)

ശ്ലോ-ൻ. ഭൂമിപതിഃ (ഭീഷ്മകരാജാവു്) നിജമന്ദിരേ (തന്റെ മന്ദിരത്തിൽ) ദുഹിതുഃ (ദുഹിതാവായ പുത്രിയായ) രുക്മിണ്യാഃ (രുക്മിണിയുടെ) സ്വയംവരമഹേ (സ്വയംവരമഹത്തിൽ) പ്രാപ്താൻ വന്നുചേന്ന) ശിശുപാലമാഗധമുഖാൻ ഭൂപാലാൻ (ശിശുപാലൻ, മാഗധൻ തുടങ്ങിയ ഭൂപാലന്മാരെ) സാദരം (ബഹുമാനത്തോടുകൂടി) സംഭാവയൻ (സംഭാവനം ചെയ്തവനായി) സംഭാവനം ചെയ്തിട്ടെന്നർത്ഥം. അഥ (അനന്തരം) ശ്രുത്വാ ആഗതം [അവിടെ കേട്ടുവന്നുചേന്ന) ഭക്താനുഗ്രഹകല്പിതാകൃതിം ശ്രീഹരിം (ഭക്താനുഗ്രഹാർത്ഥം മനുഷ്യരൂപം അവലംബിച്ച ശ്രീഹരിയെ) ഗത്വാ (പ്രാപിച്ചു്) വിനയാൽ (വിനയം കൊണ്ടു്) മൌലൌ (മൌലിയിൽ) നിബദ്ധാഞ്ജലിഃ (നിബദ്ധാഞ്ജലിയായിട്ടു്) തം (അദ്ദേഹത്തിനോടു്) ആഹ (പറഞ്ഞു). ദുഹിതാവു് (പുത്രി) (daughter, dugater,) മഹം=ഉത്സവം. സംഭാവനംചെയ്ക=പൂജിക്ക, നിബദ്ധാഞ്ജലിയായി=കൈകൂപ്പിക്കൊണ്ടു്.

ചരണങ്ങൾ

1. ചിത്സ്വരൂപ ഭവാൻ ചിന്തിക്കിലോ ഭക്ത-
വാത്സല്യംകൊണ്ടിവിടെ വന്നതും നിയതം. (യാദവ)

2. ഭാഗ്യാബ്ധി ചന്ദ്രനഖ ഭാസുരപദാംബുജം
യോഗ്യതകാണ്മതിനു ഭാഗ്യേന വന്നു മേ (യാദവ)

3. നിന്തിരുവടിയുടെ നിരുപമകൃപകൊണ്ടു
ഹന്ത മമ സംഗതം ചിന്തിതമനോരഥം. (യാദവ)

പല്ലവി

ഭൂമിപകുലാംബുനിധി രാമണീയകചണ
യാമിനീകാമുകവിഭോ! (ഭൂമിപ)

4. ഹരിണമിഴിതന്നുടെ പരിണയമഹോത്സവം
പരിചൊടുകാണ്മതിനു തരസാഗതാ വയം.

5. പാത്ഥിവശിഖാമണേ പാത്തലേ തവ സദൃശ-
പാർത്ഥിവരാരുള്ളു പാർത്തുകണ്ടാലഹോ. (ഭൂമിപ)

അയി=അല്ലയോ, യാദവ,...... കാമുക! യാദവകുലമാകുന്ന അംബുധിയ്ക്കു രാമണീയകചാരുയാമിനീകാന്തനായുള്ളവനെ. അംബുധി=സമുദ്രം. യാമിനീകാന്തൻ=ചന്ദ്രൻ. കുശലം=അങ്ങേയ്ക്കു് കുശലം.

ചിത്സ്വരൂപൻ=ജ്ഞാനസ്വരൂപൻ.

ഭാഗ്യാബ്ധി...........പാദാംബുജം=എന്റെ ഭാഗ്യാബ്ധി ചന്ദ്രനാകുന്ന നഖംകൊണ്ടു ഭാസുരമായ അങ്ങയുടെ പാദാംബുജത്തെ കാണ്മതിനുള്ള യോഗ്യത എനിക്കു ഭാഗ്യംകൊണ്ടു സിദ്ധിച്ചു.

3. നിന്തിരുവടിയുടെ കൃപയാൽ മമ (എനിക്കു്) ചിന്തിതമനോരഥം സംഗതം (ചിന്തിച്ച കാര്യം സഫലമായി).

ഭൂമിപകുലാംബുനിധിരാമണീയ.............യാമിനീകാന്ത! രാജകുലമാകുന്ന സമുദ്രത്തിനു് മനോഹരനായ ചന്ദ്രനായുള്ളവനേ.

ഹരിണമിഴിതന്നുടെ പരിണയമഹോത്സവം പരിചൊടുകാണ്മതിനു വയം തരസാ ആഗതാഃ ഞങ്ങൾ വേഗത്തിൽ വന്നുചേന്നു.

ഘണ്ടാരം—അടന്ത

ദീപ്യദ്ദിവ്യവിമാനസഞ്ചയലസന്മഞ്ചാനലീമണ്ഡനേ
ശ്രീഖണ്ഡദ്രവസിച്യമാനവിശിഖാഖേലജ്ജനേകുണ്ഡിനേ;
ആകർണ്ണ്യാച്യുതമാഗതം നൃപസുതാമാഹർത്തുകാമം രുഷാ
രാജന്യാൻദമഘോഷജഃകുടിലധീരേവംബഭാഷേഗിരം. 10

ഖണ്ഡങ്ങൾ

1. ഭൂപവരന്മാരെ! കേട്ടിതോ നിങ്ങൾ
ഗോകുലാധമചേഷ്ടിതം.
2. ഏതുമേ സംശയംകൂടാതെ നൃപ-
കേതുതനയെ വാഞ്ഛിച്ചു
3. മാതുലൻതന്നെ ഹനിച്ചൊരു നര-
പാതകിയിന്നിഹ വന്നുപോൽ.
4. രാജവരൻതന്റെ പുത്രിയെ ദ്രുതം
വ്യാജേന കൊണ്ടങ്ങു പോമവൻ.
5. മാനവരന്മാരെ നിങ്ങളുമതു
മാനസേ ചിന്തിച്ചുവാഴുവിൻ.

ശ്ലോ. ൰ ദീപ്യ......മണ്ഡനേ ദീപ്യത്തായും ദിവ്യമായും ഇരിക്കുന്ന വിമാനസഞ്ചയങ്ങളിൽ ലസത്തായ മഞ്ചാവലികൊണ്ടു മണ്ഡിതമായും) ശ്രീഖണ്ഡ......ഖേലജ്ജനേ ശ്രീഖണ്ഡ ദ്രവംകൊണ്ടു സിച്യമാനമായ വിശിഖകളിൽ ഖേലത്തായ ജനങ്ങളോടുകൂടിയതായും) ഇരിക്കുന്ന കുണ്ഡിനേ (കുണ്ഡിനത്തിൽ) അച്യുതഃ നൃപസുതാം ആഹർത്തുകാമം ആഗതം (അച്യുതൻ നൃപസുതയെ ആഹർത്തുകാമനായി വന്നിരിക്കുന്നു) എന്നു ആകർണ്ണ്യ (കേട്ടിട്ടു) കുടിലധീഃ ദമഘോഷജഃ (കുടിലബുദ്ധിയായ ശിശുപാലൻ) രാജന്യാൻ (രാജാക്കന്മാരോടു) രുഷാ (കോപത്തോടുകൂടി) ഏവം (ഇപ്രകാരം) ഗിരം ബഭാഷേ (ഗിരുകളെ പറഞ്ഞു) ദീപ്യത്=ശോഭിക്കുന്ന. വിമാനസഞ്ചയം=വിമാനസമൂഹം. വിമാനം=ഏഴുനിലമാളിക. 'വിമാനം വ്യോമയാനേ ചസപ്തഭൂമിഗൃഹേപി ച ഘോടകേ;യാനപാത്രേ ച പുന്നപുംസകയോർ

പന്തുവരാടി—അടന്ത

ഖണ്ഡങ്ങൾ

1. ചേദിപവംശശിഖാമണേ! ശൃണു
സാദരംഞങ്ങടെഭാഷിതം

2. വീരരാം നാമിങ്ങിരിക്കവേ രണ-
ഭീരുവാം ശൌരി ഹരിക്കുമോ.

3. എങ്കിലവനെഹനിപ്പതിന്നൊരു
ശങ്കയില്ലിങ്ങു ധരിക്കേണം.

മാരധനാശി—അടന്ത

രുക്മിണ്യാഃ പരിണയനോത്സവസ്യ ഘോഷഃ
പ്രക്രാന്തഃക്ഷിതിപതിനേതി ശുശ്രുവാംസഃ;
പ്രാജ്യാജ്യസ്നപിതസിതാന്നസൂപപൂപൈ-
രൌൽസുക്യാദവനിസുരാ മിഥസ്തദോചുഃ

മതം'' എന്നു മേദിനി. ലസത്=ലസിക്കുന്ന. മഞ്ചാവലി=മഞ്ച സമൂഹം. മണ്ഡിതം=അലങ്കരിക്കപ്പെട്ട. ശ്രീഖണ്ഡദ്രുമരസം= ചന്ദനരസം. ''വേധകോമാലയസ്തുസ്യാ ച്ഛ്റീഖണ്ഡോരൌ ഹിണശ്ച സഃ'' എന്നു ത്രികാണ്ഡശേഷം. വിശിഖാ=പ്രധാന വീ ഥി. (Main Road) 'വിശിഖായു ഖനിത്ര്യാഞ്ചരഥ്യാ നാളിക യോരപി' എന്നു ഹൈമൻ. ശിഖയില്ലാത്ത തലപോലെ നിരപ്പാ യിട്ടുള്ളതിനാൽ ഈ പേരു സിദ്ധിച്ചു. ഖേലത്ത്=അങ്ങോട്ടുമി ങ്ങോട്ടും സഞ്ചരിക്കുന്ന (ഖേലചലനേ എന്നു ധാതു) ആഹർത്തു കാമൻ=അപഹരിക്കുന്നതിന് ഇച്ഛയോടുകൂടിയവൻ

1. ഗോപകുലാധമചേഷ്ടിതം ഗോപകുലാധമന്റെ ചേ ഷ്ടിതം (പ്രവൃത്തി) രണഭീരു=യുദ്ധത്തിൽ ഭീരുവായുള്ളവൻ.

ശ്ലോ. 11 തദാ ക്ഷിതിപതിനാ രുക്മിണ്യാഃ പരിണയനോത്സ വസ്യ ഘോഷഃ പ്രക്രാന്തഃ ഇതി (ക്ഷിതിപതിയാൽ രുക്മിണിയു ടെ പരിണയനോത്സവഘോഷം പ്രക്രാന്തമായിരിക്കുന്നു എന്ന്) ശുശ്രുവാംസഃ (ശ്രവിച്ചവരായ) അവനിസുരാഃ (അവനിസുരന്മാർ) പ്രാജ്യാജ്യസ്നപിത സിതാന്നസൂപ പൂപൈഃ ഔൽസുക്യാൽ

 12531.

പല്ലവി

മേദിനീദേവന്മാരെ! ധരിച്ചിതോ
മോദകരമാംവിശേഷം?

അനുപല്ലവി

ഏതൊരുദിക്കീന്നുവന്നു ഭവാനഹോ
ഏതുമറിഞ്ഞില്ലേ വിപ്രേന്ദ്ര! ഹേ ഹേഹേ. (മേ)

ചരണങ്ങൾ

1. കുണ്ഡിനേന്ദ്രന്റെ നന്ദിനിയായൊരു
കന്യകയുണ്ടവൾ തന്നുടെ
എണ്ണമററുള്ള ഗുണങ്ങളിതോക്കിലോ
എത്രയുമത്ഭുതമത്ഭുതം ഹേ ഹേ ഹേ. (മേദിനീ)

2. കാമിനിയുടെ രൂപഗുണംകേട്ടു
ഭൂമിപതികളശേഷം
കാമശരമേററു പാരംവിവശരായ്
കാണ്മതിന്നായിത്തത്രപോയിപോൽ ഹേ ഹേ ഹേ.
(മേദിനീ)

(പ്രാജ്യാജ്യസ്നപിതസിതാന്നസൂപപൂപങ്ങളിലുള്ള ഔൽസുക്യം കൊണ്ടു്) മിഥഃ (പരസ്പരം)ഊചുഃ (പറഞ്ഞു).

പരിണയനോത്സവം=കല്യാണോത്സവം. പ്രക്രാന്തം=ആരംഭിക്കപ്പെട്ടിരിക്കുന്നു. പ്രാജ്യാ.......പൂപങ്ങൾ=പ്രാജ്യങ്ങളായ ആജ്യസ്നപിതസിതാന്നപൂപങ്ങൾ; പ്രാജ്യം=ധാരാളം ആജ്യസ്നപിതസിതാന്നപൂപങ്ങൾ=ആജ്യസ്നപിതങ്ങളായ സിതാന്നപൂപങ്ങൾ. ആജ്യസ്നപിതങ്ങൾ=നെയ്യു് ഒഴിച്ച. സിതാന്നപൂപങ്ങൾ=സിതാന്നം പൂപം ഇവ എന്നോ,സിതം അന്നം, പൂപം ഇവ എന്നോ. സിതാന്നം=വെള്ളച്ചോറു്. സിതാ=പഞ്ചസാര. പൂപം=പലഹാരവിശേഷം.

മേദിനീദേവന്മാർ=ബ്രാഹ്മണർ.

1. കുണ്ഡിനേന്ദ്രൻ=കുണ്ഡിനപുരത്തെ രാജാവു് (ഭീഷ്മകൻ) നന്ദിനി=പുത്രി.

3. ഇത്തരായുള്ള പാൎത്ഥിവന്മാൎക്കുണ്ടോ
ചിത്തതളിരിൽ വിവേകം?
അത്രയവളെയൊരുത്തൻഹരിച്ചിട്ടും
എത്തിപ്പുരന്മാർ തടുത്തീട്ടും ഹേ ഹേ ഹേ.
(മേദിനീ)

4. ചേദിപനു കൊടുപ്പാനവളുടെ
സോദരനും നിശ്ചയിച്ചുപോൽ
ചേതസി ചിന്തിച്ചു കാണുകിലിന്നതു
ചേരുമോ ചൊല്ലുക വിപ്രേന്ദ്ര ഹേ ഹേ ഹേ (മേ)

5. ബന്ധംകൂടാതെയോരോന്നുചൊല്ലുകിൽ
ബന്ധനം വന്നു ഭവിച്ചീടും
അന്ധനാംരുക്മിക്കു അന്തണരെന്നതു
ചിന്തയിലില്ല ധരിക്കെടൊ ഹേ ഹേ ഹേ. (മേ)

6. കണ്ണനങ്ങു ഗമിച്ചതിവേഗേന
കന്യകയെക്കൊണ്ടുപോമവൻ
നിൎണ്ണയമുണ്ടതിന്നില്ലൊരു സംശയം
കൎണ്ണേയതെന്നനു ചൊല്ലീടാം ഹേ ഹേ ഹേ (മേ)

7. മോഷണത്തിനു ധീരതയുള്ളതു
മുന്നമേഞാനറിയുമെടോ
ഘോഷഗൃഹത്തിൽ ഗമിച്ചാലവന്റെ
ഘോഷങ്ങളെല്ലാമറിഞ്ഞീടാം ഹേ ഹേ ഹേ (മേ)

8. വാസുദേവനെക്കൊണ്ടു വൃഥാപരി
ഹാസമിതോൎക്കിലുചിതമോ
ഭൂസുരന്മാരേ ഗമിക്കാമവിടേയ്ക്കു
ഭൂരിധനങ്ങൾ ലഭിച്ചീടും ഹേ ഹേ ഹേ. (മേ)

എരിക്കല—ചെമ്പട

കൎണ്ണാലങ്കാരഹീരാങ്കുരരുചിരരുചിപ്രോല്ലസദ്വക്ത്രപത്മാ
വ്യാവൽഗ്ഗൽപാദയുഗ്മകപണിതമണിതുലാകോടിവാചാല
[വീഥിഃ;

ബിഭ്രാണാ കങ്കണാളിംജ്വലദനലകനദ്രത്നകാന്താംസഭാം
[താം
തന്വീ രാജന്യപാളീഹൃദയകമലിനീ രാജഹംസീ വിവേശ
ഖണ്ഡങ്ങൾ (സാരി) 12

1. ചഞ്ചലാക്ഷിമാരണിമൌലിമാലാ വന്നു
പഞ്ചബാണൻ തന്റെ ചാപവല്ലിപോലെ.
2. പുഞ്ചിരിചന്ദ്രിക കണ്ടു കാമുകന്മാർ തന്റെ
നെഞ്ചിലാനന്ദാംബുധിവളൎന്നപാരം
3. മഞ്ജുളമഞ്ജീരനാദം കേട്ട കേളിഹംസി
പുഞ്ജമൻപിനോടനുഗമിച്ചു കൂടീ

ശ്ലോ. 12. രാജന്യപാളീഹൃദയകമലിനീരാജഹംസീ (രാജന്യപാളിയുടെ ഹൃദയകമലിനിക്കു രാജഹംസിയായ) തന്വീ സുന്ദരി രുക്മിണി കണ്ഠാ.......... പത്മാ (കണ്ഠാലങ്കാരഹീരാംകുരരുചികൊണ്ടു പ്രോല്ലസത്തായ വക്ത്രപത്മത്തോടുകൂടിയവളായും) വ്യാവൽഗൽ........വീഥിഃ (വ്യാവൽഗത്തായ പാദയുഗ്മത്തിലേ കണിതമണിതുലാകോടികൊണ്ടു വാചാലവീഥിയായി)കങ്കണാളിം ബിഭ്രാണാ (കങ്കണാളിയെ ധരിച്ചവളായിട്ടു്)ജ്വല ......കാന്താം, (ജ്വലദനല കനത്തായ രത്നങ്ങൾകൊണ്ടു കാന്തമായിരിക്കുന്ന) താം സഭാം (ആ സഭയേ) വിവേശ (പ്രവേശിച്ചു.)

ഹൃദയകമലിനി=ഹൃദയങ്ങളാകുന്ന താമരപ്പൊയ്ക രാജഹംസീ=അരയന്നപ്പേട. ഹീരാംകുരരുചി=ഹീരാംകുരങ്ങളുടെ രുചി ഹീരം=വജ്രം രുചി=ശോഭ ജ്വല......കാന്തം=ജ്വലിക്കുന്ന അനലനേ (അഗ്നി) പ്പോലെ ശോഭിക്കുന്ന രത്നംകൊണ്ടു കാന്തമായിരിക്കുന്ന.

1. ചഞ്ചലാക്ഷി=ചഞ്ചലമായ അക്ഷി (കണ്ണു്) യോടുകൂടിയവൾ സുന്ദരി.

2. പുഞ്ചിരി.......വളൎന്ന=പുഞ്ചിരിയാകുന്ന വെണ്ണിലാവുകൊണ്ടു കാമുകന്മാരുടെ ആനന്ദസമുദ്രം വർദ്ധിച്ചു. ചന്ദ്രികയുള്ളപ്പോൾ സമുദ്രം ജൃംഭിക്കുമെന്നു കവിസങ്കേതം.

3. മഞ്ജുളമഞ്ജീരനാദം=മനോഹരമായ കാൽച്ചിലമ്പൊച്ച.

4. അഞ്ജനാഞ്ചിതമാം ലോചനങ്ങൾ കണ്ടാൽ മുഖ
കഞ്ജലോലലോലംബങ്ങളെന്നു തോന്നും
5. മംഗലാംഗിയണിഞ്ഞീടും ഭൂഷണങ്ങൾ തന്നിൽ
ഭംഗിചേൎന്നു വിളങ്ങും മണികൾ കണ്ടാൽ
6. അംഗജവിവശരാകും പാൎത്ഥിവന്മാർ തന്റെ
സംഗതമാം നേത്രപങ്ക്തിയെന്നുതോന്നും
7. പാൎവ്വതീദേവിപദാംബുജമമ്പൊടുസേവിപ്പാനായ് [മന്ദം
ചാരുതരം നടകൊണ്ടിതു സുന്ദരവേഷത്തോടെ

(വൃത്തഭേദം)

കുണ്ഡിനേ സുരഥരാജിവാജിഗജരാജഷണ്ഡപരിമണ്ഡിതേ
ചണ്ഡഭാനുശശിവംശജേ നൃപതിമണ്ഡലേ സമുപഹി [ണ്ഡിതേ;
ചണ്ഡികാം സഹ സഖീഭിരേത്യ ശശിഖണ്ഡശേഖര [കുടുംബിനീം
കുണ്ഡിനാവനിനരേന്ദ്രജാ യുവതിമണ്ഡനാ വരമയാചത

---

4. അഞ്ജനാഞ്ചിതലോചനം=അഞ്ജനം അണിഞ്ഞ കണ്ണ്
മുഖകഞ്ജ........ലോലംബം=മുഖകഞ്ജങ്ങളിൽ (മുഖമാകുന്ന താമരകളിൽ) ചരിക്കുന്ന വണ്ടു്. ഉൽപ്രേക്ഷാലങ്കാരം.

6. സംഗതം=ചേൎന്ന നേത്രപംക്തി=നേത്രസമൂഹം.

ശ്ലോ. 13. സുരഥരാജി.. ...മണ്ഡിതേ, കുണ്ഡിനതേ,സുരഥരാജി(രഥസമൂഹം)വാജി (കുതിര)ഗജരാജന്മാർ (ആനശ്രേഷ്ഠന്മാർ ഇവയുടെ ഷണ്ഡം (സമൂഹം) മുതലായവകൊണ്ടു പരിമണ്ഡിതെ (അലംകൃതമായ) കുണ്ഡിനേ കുണ്ഡിനപുരിയിൽ ചണ്ഡഭാനു ശശിവംശജേ (ചണ്ഡഭാനുവിന്റെയും ശശിയുടേയും -വംശത്തിൽപ്പെട്ട) നൃപതിമണ്ഡലേ (രാജസമൂഹം) സമുപഹിണ്ഡിതേ (സമുപഹിണ്ഡിതമായിരിക്കവേ) കുണ്ഡിനാ..... ..... മണ്ഡനാ (കുണ്ഡിനാവനിനരേന്ദ്രജയും യുവതിമാൎക്കു അലങ്കാരവുമായ രുക്മിണി സഖീഭിഃ സഹ (സഖിമാരോടുകൂടി) ശശിഖണ്ഡശേഖരകുടും

മന്ദമന്ദമരവിന്ദസുന്ദരദൃശം ഗിരീന്ദ്രദുഹിതുഃ പദാൽ
ഇന്ദിരാമിവകരാഞ്ചലാഞ്ചിതമരന്ദ സാന്ദ്രവരമാലികാം;
കുന്ദബാണവിജയശ്രിയം നൃപതിവൃന്ദമദ്ധ്യമുപസംഗതാം
സ്യന്ദനം സമധിരോപ്യ താം സമഭിനന്ദയൽ സ
മധുസൂദനഃ. 14

ഘണ്ടാരം—അടന്ത.

ബഭ്രുഭ്രൂഭംഗഭീമോ ഭുജവിധുതബൃഹൽ-
പട്ടസസ്സാട്ടഹാസഃ
പ്രസ്പഷ്ടാരാളദംഷ്ട്രായുഗളപരിലസൽ
സൃകപാണീഘോരവക്ത്രഃ;

ബിനീം ചണ്ഡികാം (ചന്ദ്രകലാധരനായ ശിവന്റെ പത്നിയായ ചണ്ഡികയെ) ഏത്യ (പ്രാപിച്ചിട്ടു) വരം അയാചത (വരത്തെ യാചിച്ചു) ചണ്ഡഭാനു=സൂൎയ്യൻ ചണ്ഡിക=പാൎവ്വതി

ശ്ലോകം 14. സ മധുസൂദനഃ=(ആ മധുസൂദനൻ, ശ്രീകൃഷ്ണൻ) ഗിരീന്ദ്രദുഹിതുഃ പദാൽ (ഗിരീന്ദ്രദുഹിതാവിന്റെ പദത്തിൽനിന്നു്, പാർവതിയുടെ പദത്തിൽനിന്നു്) മന്ദമന്ദം (പതുക്കേ പതുക്കേ) നൃപതിവൃന്ദമദ്ധ്യം ഉപസംഗതാം (നൃപതിസമൂഹത്തിന്റെ മദ്ധ്യത്തെ ഉപസംഗമിച്ച) കരാഞ്ചലാഞ്ചിതമായ മരന്ദസാന്ദ്രവരമാലികാം (കരാഞ്ചലാഞ്ചിതമായ മരന്ദസാന്ദ്രവരമാലയോടുകൂടിയവളും) കുന്ദബാണവിജയശ്രിയം = കുന്ദബാണന്റെ (കാമന്റെ,) വിജയശ്രീയും ആയ താം അരവിന്ദസുന്ദരദൃശം (അരവിന്ദസുന്ദരദൃക്കിനെ, സുന്ദരിയെ) ഇന്ദിരാം ഇവ (ഇന്ദിരയെ എന്നപോലെ)സ്യന്ദനം അധിരോപ്യ (സ്യന്ദനത്തിൽ=തേരിൽ കയററീട്ടു്) സമഭിനന്ദയൻ (സമഭിനന്ദിച്ചു). ഉപഗമിക്ക=അടുത്തുചെല്ലുക. മരന്ദസാന്ദ്രം=തേൻകൊണ്ടു് സാന്ദ്രം. സാന്ദ്രം=തിങ്ങിയ. അരവിന്ദം=താമര.

ശ്ലോകം ൧൫. ക്ഷുഭിതരിപുബലഃ ചേദിരാജഃ (ക്ഷുഭിതരിപുബലനായ ചേദിരാജാവു) രുഷാന്ധഃ (രുഷാന്ധനായ) ബഭ്രുഭ്രൂഭംഗഭീമോ (ബഭ്രുവായ ഭ്രൂഭംഗംകൊണ്ടു് ഭയംജനിപ്പിക്കുന്നവനായും) ഭുജവിധുതബൃഹൽപട്ടസഃ (ഭുജവിധുതമായ ബൃഹൽ

ആരുന്ധാനോ രുഷാന്ധഃ പഥി മഥിതമധും
മാധവം ചേദിരാജഃ
ക്ഷിപ്രം ദീപ്രാരുണാക്ഷഃ ക്ഷുഭിതരിപുബലോ
രൂക്ഷമിത്യാചചക്ഷേ.

ഖണ്ഡങ്ങൾ

1. നില്ലുനില്ലെട യാദവാധമ കല്യനെങ്കിലൊ ദുർമ്മതേ!
തെല്ലുമില്ല ശഠാകൃതേ തവ മായകൊണ്ടു ഫലം ജള!
2. നിഖിലദിശി മമ വിതതശരശിഖിയതിലതീവ
ജവേന നീ
ശലഭമിവ ഖലു ഭസിതമായ്വരു മലസചപലതരാശയ!

പട്ടസനായും) പ്രസ്സൃഷ്ട.......വക്രഃ (പ്രസ്സൃഷ്ടമായും അരാളമായും ഇരിക്കുന്ന ദംഷ്ട്രായുഗളത്താൽപരിലസത്തായ കടവാകൊണ്ടു ഭയങ്കരമായിരിക്കുന്ന വക്ത്രത്തോടുകൂടിയവനായും) ദീപ്രാരുണാക്ഷഃ (ദീപ്രാരുണാക്ഷനായും) മഥിതമധും മാധവം (മഥിതമധുവായ മാധവനെ) പഥി (മാർഗ്ഗമദ്ധ്യേ) ആരുന്ധാനഃ (ആരുന്ധാനനായിട്ടു്) ഇതി ഇപ്രകാരം രൂക്ഷം (രൂക്ഷമായി) ആചചക്ഷേ പറഞ്ഞു.

ക്ഷുഭിതരിപുബലൻ=ക്ഷുഭിതമായ രിപുബലത്തോടുകൂടിയവൻ. ക്ഷുഭിത=ക്ഷോഭിക്കപ്പെട്ട. രിപുബലം=ശത്രുസൈന്യം രുഷാന്ധൻ=രുട്ടുകൊണ്ടു് (കോപംകൊണ്ടു്) അന്ധൻ. ബഹു=വലിയ. ഭ്രൂഭംഗം=പുരികം ചുളിപ്പു്. ഭുജവിധൃതം=ഭുജത്തിൽ ധരിക്കപ്പെട്ട, ബൃഹൽ=വലുതായ. അരാളം=വളഞ്ഞ. ദീപ്രം=തിളങ്ങുന്ന. അരുണം=ചുവന്ന. മഥിതമധു=മധുമഥനൻ, മധു എന്ന അസുരനെ ഹനിച്ചവൻ.

2. നിഖിലദിശി=എല്ലാദിക്കിലും; വിതതശരശിഖി=വിതതമായ (വിസ്തൃതമായ, പരന്ന) ശരശിഖി (ശരാഗ്നി) ജവേന=വേഗത്തിൽ. ശലഭം ഇവ=പൂച്ചി എന്നപോലെ. ഭസിതം=ചാമ്പൽ. അലസ ചപലതരാശയ=അലസവും ചപലതരവും ആയ ബുദ്ധിയോടുകൂടിയവനെ.

3. മൂഢചേദിപനിന്നുടെ ഹൃദി ക്രുദ്ധമായൊരു
പൌരുഷം
കൂട്ടമോ ഹരിയോടു സംപ്രതി പാടവങ്ങളുമിന്നെടാ.
4. ശാകഠോരകഠാരധാരയിലുടനെ നിന്നുടലാകവേ
പടയിൽ വടിവൊടു പൊടിപെടും പഥി ഝടിതി
വന്നുതടുക്കയാൽ
5. വ്യർത്ഥമായൊരുകത്ഥനം പുനരിത്ഥമാശുസഗർവ്വിതം
മൃത്യുപത്തനവൃത്തമിന്നു ധരിപ്പതിന്നുരചെയ്കയോ
6. വിമതവരബലവിപുലവനകുലദാവപാവകനാമഹം
അതിജവേന തിരിച്ചുപോവതു നൃപതികീടകക്കൂട്ടമോ.
7. ആര്യയം തരുണികൾ ഞാൻ കിതവാഗ്രഹം യദി
ജീവിതേ
സാശ്രുവാപ്പരമാർത്തിയോടുടനാശ്രയിക്കണമെന്നെ നീ.
8. അശനിപതനസമാനമാകിയ മുഷ്ടിപാതമിതെന്നുടെ
വിശസനം തവ ചെയ്തിടും ധ്രുവമിതരഥാ നീ
ചെയ്കിലോ

---

3. ഹരി=സിംഹം. പാടവം=സാമർത്ഥ്യം.
4. കഠാരധാര=കഠാരത്തിന്റെ മുന.
5. കത്ഥനം=നിരർത്ഥവാക്കു്. മൃത്യുപത്തനം=കാലപുരി
6. വിമത.......പാവകൻ=വിമതന്മാരുടെ (ശത്രുശ്രേഷ്ഠന്മാരുടെ) ബലമാകുന്ന (സൈന്യമാകുന്ന) വിപുലവനത്തിനു ദാവപാവകൻ (കാട്ടുതീയ്)

7. കിതവ=വഞ്ചകം, ജീവിതേ തേ ആഗ്രഹം യദി=ജീവിതത്തിൽ നിനക്കു ആഗ്രഹമുണ്ടെങ്കിൽ സാശ്രുംവായി=കണ്ണീർ പൊഴിച്ചുകൊണ്ടു്.

8. അശനിപതനസമം=അശനിപതനത്തിനു തുല്യം. അശനിസമം=വജ്രായുധം. വിശസനം=വധം. ധ്രുവം=നിശ്ചയം. ഇതരഥാ=മറവുവിധത്തിൽ. പട്ടിസം=ഒരായുധം 'പട്ടിശോ ലൌഹദണ്ഡോയസ്തീക്ഷ്ണധാരഃ ക്ഷുരോപമഃ' വൈജയന്തി. 'ബഭ്രുംന്നാ നകുലേവിഷ്ണൌ വിപുലേ പിംഗളേ ത്രിഷു.'

ആഹരി—ഝമ്പ

ഗഭീരഘോരഗർജ്ജിതേ ഗദാഗ്രജേന നിർജ്ജിതേ
പ്രതീകമഗ്നസായകേ പ്രയാതി ചേദിനായകേ;
ക്ഷുരപ്രഭിന്നകംകടൌ യുധി പ്രരൂഢസങ്കടൌ
ഭടൌ സമേത്യരുക്മിണം ഭയേന കൌചിദൂചതുഃ. 16

പല്ലവി

നരവരശിഖാമണേ പരിപാഹി നാഥാ!

അനുപല്ലവി

പരബലനിരാകരണപടുതരപരാക്രമ! (നര)

ചരണങ്ങൾ

1. മേദിനീപാലന്മാരുടെ സദസി ബത വന്നു തവ
സോദരിയെവിരവിലൊരുയാദവൻകൊണ്ടുപോയി.(നരവ)

ശ്ലോകം ൧൬. ഗഭീരഘോരഗർജ്ജിതേ, ചേദിനായകേ, ഗദാഗ്രജേന നിർജ്ജിതേ, (ഗംഭീരവും ഘോരവും ആയ ഗർജിതത്തോടുകൂടിയ ചേദിനായകൻ ഗദാഗ്രജനാൽ നിർജ്ജിതനായിട്ടു്) പ്രതീകമഗ്നസായകേ, പ്രയാതി (പ്രതീകമഗ്നസായകനായി പ്രയാണം ചെക്കവേ) യുധി (യുദ്ധത്തിൽ) ക്ഷുരപ്രഭിന്നകങ്കടൌ, പ്രരൂഢസംകടൌ കൌചിൽ ഭടൌ (ക്ഷുരപ്രഭിന്നകങ്കടന്മാരും പ്രരൂഢസങ്കടന്മാരും ആയ ഏതോ രണ്ടുഭടന്മാർ) രുക്മിണം സമേത്യ ഊചതുഃ (രുക്മിയെ പ്രാപിച്ചിട്ടു് പറഞ്ഞു). വൃത്തം പഞ്ചചാമരം. 'ജരൌ ജരൌ ജഗൌ തതോ, ജഗൌ ചപഞ്ചചാമരം വദേൽ' ചേദിനായകൻ=ശിശുപാലൻ ഗദാഗ്രജൻ=ശ്രീകൃഷ്ണൻ. നിർജിതൻ=ജയിക്കപ്പെട്ടവൻ, പ്രതീകമഗ്നസായകൻ=പ്രതീകം (അംഗം) തോറും മഗ്നമായ സായകത്തോടുകൂടിയവൻ; ശരീരമെല്ലാം അമ്പുതറച്ചവൻ. ക്ഷുരപ്രഭിന്ന കങ്കടന്മാർ=ക്ഷുരം (ശരം) കൊണ്ടു പിളൎന്ന കങ്കടത്തോടുകൂടിയവർ, കങ്കടം=കവചം, പ്രരൂഢസങ്കടന്മാർ=പ്രരൂഢമായ (വർദ്ധിച്ച) സങ്കടത്തോടുകൂടിയവർ.

പരിപാഹി=പാലിച്ചാലും.

പരബലനിരാകരണ പടുതരപരാക്രമ=പരബലത്തെ (ശത്രുസൈന്യത്തെ) നിരാകരിക്കുന്നതിൽ പടുതരമായ (അധികം സാമൎത്ഥ്യമുള്ള) പരാക്രമത്തോടുകൂടിയവനേ.

2. മാധവായുധമേററു മാനം വെടിഞ്ഞു യുധി
യാധിയോടോടിനാരഖിലനരപാലരും (നര)

3. ക്രുത്തശരമേൾക്കയാൽ ആത്തനായ് വന്നു ഞാൻ
പർത്ഥിവഭവാനൊടു വാത്തയിതു ചൊല്ലുവാൻ. (നര)

കേദാരഗൌഡം—ചമ്പ

പല്ലവി

അരുതരുതഹോ ശോകമനുചരന്മാരേ!

അനുപല്ലവി

വിരവിനൊടു കാൺക മമ കരബലമിതധുനാ. (അരു)

ചരണങ്ങൾ

1 ദിക്പതികളൊന്നിച്ചു പൊരുവതിനു വരികിലും
നില്ക്കയില്ലെന്നോടു നിർണ്ണയമിദാനീം (അരു)

2. ഖലകുലോത്തമനാകും ഗോപാലഘാതകനെ
കൊലചെയ്തിടായ്കിലോ രുക്മിയല്ലേഷ ഞാൻ.
(അരു)

സാരംഗം—ചെമ്പട

ആദായ യാന്തമനുജാമുപജാതരോഷ-
ശ്ശൌരിം പ്രസഹ്യ മിഷതാമവനീപതീനാം;
ഉൽഖാതഖഡ്ഗലതികസ്സമുപേത്യ രുക്മീ
തിഗ്മാട്ടഹാസമഭിയോദ്ധുമഥാജുഹാവ. 17.

---

2. ഖലകുലോത്തമൻ=ഖലകുലത്തിൽവച്ചു് ശ്രേഷ്ഠൻ ഗോപാലഘാതകൻ=നീചനായ യാദവൻ.

ശ്ലോകം 17. അഥ (അനന്തരം) ഉപജാതരോഷഃ ഉൽഖാതഖഡ്ഗലതികഃ രുക്മീ (ഉപജാതരോഷനും=കോപം ജനിച്ചവനും) ഉൽഖാതഖഡ്ഗലതികൻ=വാളൂരിപ്പിടിച്ചവനും ആയ) രുക്മിമിഷതാം അവനിസുതാനാം പ്രസഹ്യഅനുജാം ആദായ യാന്തം ശൌരിം സമുപേത്യ (രാജാക്കന്മാർ മിഴിച്ചുകൊണ്ടുനില്ക്കവേ ബലം പ്രയോഗിച്ചു തന്റെ അനുജയെ എടുത്തുകൊണ്ടുപോയ ശൌരിയെ ഉപഗമിച്ചിട്ടു്) തിഗ്മാട്ടഹാസം അഭിയോദ്ധും ആജുഹാവ. (തിഗ്മാട്ടഹാസത്തോടുകൂടി പോരിനുവിളിച്ചു) തിഗ്മാട്ടഹാസം=ഘോരാട്ടഹാസം.

ചരണങ്ങൾ

1. ഗോപ്പബാലക ധീരനെങ്കിലോ
ചാപപാണിയായ്പുരിക പോരിന്നായ്.

2. ക്രൂത്തശരങ്ങൾ കൊണ്ടീടുന്നേരം
ആർത്തനായ് ദ്ദൂരെ ധൂർത്തമണ്ടീടും.

3. ദക്ഷതയെല്ലാമിക്ഷണം കാണാം
സക്ഷതനായി ഇക്ഷിതൌ വീഴും.

4. കംസനല്ലെടാ ഗോപപാംസന
വ്യംസക നിന്നെ ധ്വംസനം ചെയ്യൻ.

വേകട—അടന്ത

ക്ഷേളാഹ്രദേ ഹൃദയതാപകരൈർവ്വചോഭിഃ
സ്നാതോത്ഥിതൈരിവ സമേത്യ ഹരിം സ രുക്മീ;
സന്തർജ്ജയൻ പ്രളയനീരദവന്നദിതാ
മദ്ധ്യേപഥം സമുപരുദ്ധ്യ രുഷാ ബഭാഷേ. 18.

---

3. ദക്ഷത=സാമത്ഥ്യം. സക്ഷതൻ=ക്ഷതത്തോടുകൂടിയവൻ ഇക്ഷിതൌ=ഈ ഭൂമിയിൽ.

4. ഗോപപാംസന!=നീചനായയാദവ! വ്യംസക=വഞ്ചക. ധ്വംസനംചെയ്ക=നശിപ്പിക്ക.

ശ്ലോകം 18. സ രുക്മീ (ആ രുക്മീ) ഹരിം സമേത്യ (ഹരിയെ പ്രാപിച്ചു്) ക്ഷേളാഹ്രദേ സ്നാതോത്ഥിതൈഃ ഇവ ഹൃദയതാപകരൈഃ വചോഭിഃ (ക്ഷേളാഹ്രദത്തിൽ=വിഷകയത്തിൽ സ്നാതമായിട്ടു് ഉത്ഥിതമാണോ എന്നു തോന്നുമാറു) ഹൃദയതാപകരങ്ങളായ വാക്കുകളാൽ) ഹരിം സന്തർജ്ജയൻ (സന്തർജനം ചെയ്യുന്നവനായി) പ്രളയനീരദവത്, നദിതാ, മദ്ധ്യേപഥം, സമുപരുദ്ധ്യ (പ്രളയമേഘംപോലെ ഗർജിച്ചു്, മദ്ധ്യമാർഗ്ഗം ഉപരോധിച്ചിട്ടു്) രുഷാ ബഭാഷേ (കോപത്തോടുകൂടി പറഞ്ഞു.)

പല്ലവി

ആരെടാ കന്യകാചോരനാരെടാ.

ചരണങ്ങൾ

1. ആരെയും ഭയപ്പെടാതെ ചോരകർമ്മം ചെയ്ക മൂലം
ഘോരബാണങ്ങൾക്കിന്നു പാരണയാകുവൻ
[മൂഢ! (ആരെ)

2. മോഷണം ചെയ്യേണമെങ്കിൽ ഘോഷഗേഹേ ഗമി
[ച്ചാലും
ഭീഷണികൾഫലിക്കുമോ ഏഷ രുക്മിയറി
[ഞ്ഞാലും (ആരെടാ)

3. അത്ഭുതമാമെന്റെയ ഹസ്തവീര്യമാകവേ നീ
വിഭ്രമേണ യമനോട്ട വിസ്തരിച്ചു ചെന്നു ചൊൽക.

പല്ലവി

ആരെടാ ഭൂമിപാധമനാരെടാ

4. ജീവിതത്തിലഭിലാഷം ദേവകീനന്ദന തവ
കേവലമുണ്ടെങ്കിലിവളെ കൈവെടിഞ്ഞു
ഗമിച്ചാലും (ആ)

5. കഷ്ടമഹോ നിരൂപിക്കിൽ ദുഷ്ടനാം നിന്നുടെയുടൽ
മുഷ്ടിപാതം കൊണ്ടിവിടെ പിഷ്ടമാക്കീടുവൻശഠ!
(ആരെടാ)

6. ചണ്ഡബാഹു പരാക്രമമായിട്ടും ഘോരവഹ്നിയിൽ
ഷണ്ഡ നിന്റെ മുണ്ഡമിന്നൊരാഹുതിയാക്കുവൻ
മൂഢ! (ആ)

---

2. ഘോഷഗേഹേ=ഇടയന്മാരുടെ വീട്ടിൽ 'ഘോഷ ആഭീര വല്ല്യാംസ്യാൽ ഗോപാലധ്വനിഘോഷകേ; കാംസ്യ ചാംബുദ നാദേനാ ഘോഷേ, മധുരികൌഷധൌ' എന്നു മേദിനി.

3. ഹസ്തവീര്യം=കൈയൂക്ക്.

5. പിഷ്ടം=പൊടിക്കപ്പെട്ട

7. പോരുമോരോവീരവാദംപാരമായ് ചൊന്നതുംഭവാൻ
വീരയെങ്കിൽ വിരവോടു നേരിടുക നരാധമ!
(ആരെടാ)

കേദാരപന്ത—അടന്ത

ജഗാദ മന്ദം ഗജരാജഗാമിനീ
ഗതാ മുകുന്ദസ്യ പദാരവിന്ദം;
സപസോദരം പ്രാപ്തദരം ദരോദരീ
മോക്തും ശുചാ മേചകചാരുകുന്തളാ. 19

ചരണങ്ങൾ

1. വല്ലഭ! മമ സോദരൻ തന്നെ ഭവാനിന്നു
കൊല്ലരുതേ കരുണാ വാരിധേ!
2. മല്ലലോലലോചന! നിന്നുടെ പദാംബുജ-
മല്ലലകലുവാൻ കൈതൊഴുന്നേൻ.
3. ചിൽപൂരുഷനിന്നുടെ പ്രഭാവം പാർത്തുകണ്ടാൽ
അല്പനാകുമിവനറിയുമോ?
4. ചിന്മയാകൃതേ! നീയിന്നിവനെ ഹനിക്കിലോ
എന്മൂലമെന്നു വന്നീടുമെല്ലോ.

ശ്ലോകം ഹൻ. ദരോദരി (കൃശോദരിയും) മേചകചാരുകുന്തളാ (കറുത്തു മനോഹരമായിരിക്കുന്ന കുന്തളത്തോടുകൂടിയവളും) ഗജരാജഗാമിനി (ഗജരാജനേപ്പോലെ നടക്കുന്നവളും ആയ രുഗ്മിണി) ശുചാ ദുഃഖത്തോടുകൂടി (മുകുന്ദസ്യ പാദാരവിന്ദം ഗതാ (മുകുന്ദന്റെ പാദാരവിന്ദത്തെ പ്രാപിച്ചവളായിട്ട്) പ്രാപ്തദരം സപസോദരം മോക്തും (പ്രാപ്തദരനായ തന്റെ സോദരനെ, മോചിപ്പിക്കുന്നതിന്) മന്ദം ജഗാദ (പതുക്കെപറഞ്ഞു

പ്രാപ്തദരൻ=പ്രാപ്തമായ ദരത്തോടുകൂടിയവൻ ദരം=ഭയം

2. മല്ലലോചനൻ=മനോഹരമായ നേത്രത്തോടുകൂടിയവൻ. സംസ്കൃതത്തിൽ മല്ല ശബ്ദത്തിനു താഴെ പറയുന്ന അർത്ഥങ്ങൾ ഉണ്ട് 'മല്ലഃ പാത്രേ കപോലേ ച മത്സ്യഭേദേ ബലീയസി,

5. എങ്കലൊരു കരുണയുണ്ടെങ്കിലിവനെ നീ
ശങ്കവെടിഞ്ഞു കൈവെടിഞ്ഞാലും.

സാമന്തമലഹരി—ചെമ്പട

ചരണങ്ങൾ

1. ഭാമിനിമാരണിയുന്ന ഭാസുരശിരോരത്നമേ
കാമമിതെങ്കിലിവനെ കൈവെടിയുന്നേൻ.
2. എന്തുതവ കാമമെന്നാൽ ഹന്തഞാനാശുചെയ്തീടാം
അന്തരം കിമപി നഹി അംബുജേക്ഷണേ!
3. മന്ദഹാസമധുരമാം സുന്ദരിനിൻ മുഖാംബുജം
മന്ദാക്ഷമുകുളമാവാനെന്തു കാരണം.

ബിലഹരി—ചെമ്പട

ഹൃത്വാഭീഷ്മസുതാം യിയാസതി ദൃഢാസക്താം മധുധ്വംസിനി
സ്പർദ്ധാശാലിഭിരധ്വനിപ്രതിഭയം സാകം സമീകം നൃപൈഃ;
ശ്രുത്വാ ശാത്രവഗാത്രശോണിതഝരൈരാപാടലം ലാംഗലം
ഹസ്തേനഭ്രമയൻഭൃശംഹലധരഃ ക്രുദ്ധോऽബ്രവീത്സാത്യകിം

---

1. ഭാമിനി=സ്ത്രീ ഭാസുരം=ശോഭയുള്ള
3. മന്ദാക്ഷം=ലജ്ജ. മന്ദാക്ഷമുകുളം=മന്ദാക്ഷം കൊണ്ടു കൂമ്പിയ

ശ്ലോകം 20 മധുധ്വംസിനി (മധുധ്വംസിയായ ശ്രീകൃഷ്ണൻ) ദൃഢാസക്താം ഭീഷ്മസുതാം (ദൃഢമായ ആസക്തിയോടുകൂടിയ രുഗ്മിണിയെ) ഹൃത്വാ (ഹരിച്ചുകൊണ്ടു്) യിയാസതി (പോകാൻ തുടങ്ങവേ), അധ്വനി(വഴിയിൽ സ്പർദ്ധാശാലിഭിഃ നൃപൈസ്സാകം സമീകം ശ്രുത്വാ (സ്പർദ്ധാശാലികളായ നൃപന്മാരുമായിഉണ്ടായ യുദ്ധത്തെപ്പററി കേട്ടിട്ടു്) ഹലധരം (ബലഭദ്രൻ) ക്രുദ്ധഃ ക്രുദ്ധനായിട്ടു്) ശാത്രവഗാത്രശോണിതഝരൈഃ ആപാടലം, ലാംഗലം ഹസ്തേന ഭ്രമയൻ (ശത്രുഗാത്രത്തിൻെറ ശോണിതഝരത്താൽ

പല്ലവി

കുണ്ഠേതരതരസാഞ്ജാനന്ദിവരകണ്ഠമരിവത്സം കണ്ടീടുവീര!

അനുപല്ലവി

കണ്ഠീരവവിക്രമനാമെന്നുപ-
കണ്ഠേ വരുവതിന്നൊരുവൻ നഹിനഹി. (കുണ്ഠേ)

ചരണങ്ങൾ

1. മാദ്ധ്യൽ പികമൊഴി രുഗ്മിണിയെക്കൊ-
ണ്ടദ്യമുകുന്ദൻ വരുമളവിൽ പഥി
ച്ചൈദ്യാദികളാം ഭൂപാലന്മാ-
രുദ്യോഗിച്ചു തടുത്തതുമൂലം. (കുണ്ഠേ)

2. ഉൽക്കൂലഭുജ പ്രൌഢിമകലരും
ദിക് പാലന്മാർ വരികിലുമിന്നിഹ
മൽക്കഹലാഹതികൊണ്ടുവരായുധ-
മൊക്കെവെടിഞ്ഞു തിരിക്കും നിയതം. (കുണ്ഠേ)

3. അണ്ണവശേഷം ചെയ്യതിന്നു മമ
നിർണ്ണയമലമധുനാ ലാംഗലമിതു

ആപാടലമായിരിക്കുന്ന ലാംഗലത്തെ, കൈകൊണ്ടു ചുഴററുന്ന വനായി) സാത്യകിം (സാത്യകിയോടു്) അബ്രവീൽ (പറഞ്ഞു) ആപാടലം=ചുവന്ന. ലാംഗലം (കലപ്പു്) ശോണിതം=രക്തം. ധരം=ഒഴുക്കു്.

കുണ്ഠേതരതരസാ=കുണ്ഠേതരമായ തരസ്സുകൊണ്ടു്. കുണ്ഠേതരം=വലിയ തരസ്സ്=ശക്തി.

കണ്ഠീരവം=സിംഹം. ഉപകണ്ഠേ=സമീപത്തിൽ.

1. മാദ്ധ്യൽപികമൊഴി=മദിച്ച കുയിലിൻെറ മൊഴിപോലുള്ള മൊഴിയോടുകൂടിയവൾ.: അദ്യ=ഇപ്പോൾ. പഥി=വഴിയിൽ.

2. ഉൽക്കൂലഭുജപ്രൌഢിമ=അതിരുകവിഞ്ഞ കൈയ്യൂക്കു് ഹലാഹതി=ഹലം (കലപ്പ)കൊണ്ടു്. ആഹതി (അടി).

കണ്ണേജപാരം ഭൂപന്മാരുടെ
ചൂർണ്ണനമതിനിനിയെന്തു വിളംബം? (കുണ്ടേ)

കാനക്കുറത്തി—പഞ്ചാരി

ഖണ്ഡങ്ങൾ.

1. കാമപാലക സോമപാലക
രാമഭാസുര രാമണീയക.

2. അരികൾ ചെയ്യതും പെരുതെന്നാകിലും
അരുതു സാഹസമരവിന്ദേക്ഷണ.

3. ലോലമാരുതൻ ലീല ചെയ്യുമ്പോൾ
തൂലരാശികൾ ചാലെ നില്ക്കുമോ.

4. വൈരിവീരരെ ശൌരി വെന്നുടൻ
വീരലക്ഷ്മിയോടാരാൽ വന്നിടും.

കേദാരഗൌഡം—പഞ്ചാരി

കല്പാക്ഷേപാതിരൂക്ഷക്ഷുഭിതഘനഘടാനിഷ്ഠുരാഘാതഭൂത-
ധ്വാനസ്പർദ്ധ്യട്ടഹാസപ്രകടിതനിജദോർദ്ദണ്ഡചണ്ഡ
പ്രതാപഃ

---

3. അർണ്ണവശോഷം=അർണ്ണവത്തിന്റെ (സമുദ്രത്തിന്റെ) ശോഷണം. ചൂർണ്ണനം=പൊടിയാക്കുക. വിളംബം=താമസം.

1. കാമപാലക!=ബലഭദ്ര! സോമഫാലക = സോമബിംബം പോലെയുള്ള ഫാലത്തോടുകൂടിയവനെ. സോമബിംബം=ചന്ദ്രബിംബം ഫാലം=നെററി.

3. തൂലരാശികൾ=പഞ്ഞിക്കൂട്ടം.

ശ്ലോകം. വ-ഫ. കല്പാ.......പ്രതാപഃ മാഗധേന്ദ്രഃ (കല്പാന്തകാലത്തിലേ അതിക്ഷുഭിതമായ ഘനഘടയുടെ നിഷ്ഠുരാഘാതമായി ഭവിച്ച ധ്വാനത്തിൽ സ്പർദ്ധിയായ അട്ടഹാസംകൊണ്ടു് പ്രകടിതമായ തന്റെ ദോർദ്ദണ്ഡചണ്ഡ പ്രതാപത്തോടുകൂടിയ മാഗധേന്ദ്രൻ) ഉന്നദ്ധഃ ചതാഃ ഉദ്ധതാത്മാവായി (കൃഷ്ണഭോ
[illegible]

കൃഷ്ണാഭ്രാദഭ്രശോഭാമദഭരഭിദുരഭ്രാജമാനപ്രതീകം
യുദ്ധായോന്നദ്ധചേതാഃ കടുതരമരടന്മാധവം മാഗധേന്ദ്രഃ.

ഖണ്ഡങ്ങൾ

1. നില്ലെടാ നീ ഗോപഫതക നല്ലതല്ലറിഞ്ഞീടുക
മല്ലമിഴിയെ കൈ വെടിഞ്ഞു പോക പോക നീ

2. ചേദിപാധിനാഥരമണി ചാരുഹാസിനീ ധരിക്ക
ചേരുമോയിവൾ നിനക്കു ചോരദുർമ്മതേ!

3. മുന്നമേയറിഞ്ഞിടുന്നു മന്നവനിൽ ബാഹുവീര്യ-
മിന്നുമിവിടെ സമരശിരസി കണ്ടിടാമെടാ.

4. മാഗധാധിനാഥനോടു മായകൾ ഫലിക്കയില്ല
വേഗമോടു പൊരുവതിന്നു വരിക വരിക നീ.

5. വ്യർത്ഥമായ കത്ഥനങ്ങളിത്ഥമാശു ചെയ്തിടായ്ക
പാർത്ഥിവർക്കു പാർത്തു കാണ്കിലുചിതമല്ലെടാ.

6. ഗോപനാരിയല്ല കിതവ ഭൂപനാരിയിവളിതറിക
പാപശീല പരശുപാതവിവശനാം ഭവാൻ.

7. കുണ്ഠനായ നിന്റെ വിപുലകണ്ഠഖണ്ഡനം കരോമി
രണ്ടുപക്ഷമില്ലതിന്നു കണ്ടുകൊൾകെടാ.

ന്റെ (അതിപ്രശോഭയുടെ മദഭരത്തെ പിളക്കത്തക്കവണ്ണം ശോഭി ക്കുന്ന ശരീരത്തോടുകൂടിയവനായ മാധവനെ) യുദ്ധായ (യുദ്ധ ത്തിനായിട്ട്) കടുതരം അരടൽ (രടനംചെയ്തു) വിളിച്ചു.

ഘനാഘട=മേഘപടലം ധ്വാനം=ശബ്ദം ദോർദ്ദണ്ഡം=ഭു ജദണ്ഡം കൃഷ്ണാഭ്രം=കാളമേഘം അദഭ്രം=വർദ്ധിച്ച പ്രതീകം= അംഗം.

6. പരശു=മഴു.

7. കുണ്ഠൻ=മൂഢൻ ബലഹീനൻ. വിപുലകണ്ഠഖണ്ഡനം കരോമി=വിപുലമായ കഴുത്തിന്റെ ഖണ്ഡനം ഞാൻ ചെയ്യു ന്നുണ്ട്.

മലഹരി—ഝമ്പ

കാന്തേന്ദ്രനീലമണിനിർമ്മിതഹർമ്മ്യകാന്താം
കാന്താന്നയന്നിജപുരീം പരിഘീകൃതാബ്ധിം.
സന്തോഷരാഗതരളായത ചാരുനേത്രാം
മന്ദം ജഗാദ ഭഗവാനഥ വാസുദേവഃ. 22

പല്ലവി

ജീവനാഥേ! മമ ജീവനാഥേ!

അനുപല്ലവി

ജീമൂതവാഹമണിമസൃണ ഘനവേണി! (ജീവ)

ചരണങ്ങൾ

1. ചന്ദ്രികയെന്നുടെ ലോചനങ്ങൾക്കു നീ
സാന്ദ്രാമൃതം നീ മമാംഗമതിനു
ചന്ദ്രാഭിരാമമുഖി! ജീവിതം നീയെൻെറ
നിസ്തന്ദ്രനീലനളിനായത ദളാക്ഷി! (ജീവ)

2. അധരനവകിസലയേ ദരഹസിതകുസുമമിതു
മധുര മധുവാണി തവ ജാതമായി.
അധികമിഹ ലോചനേ മമ ഫലവുമുദിതമായി
അധരീകൃതാശേഷസുരയുവതിമണ്ഡലേ (ജീവ)

ശ്ലോകം ൨൨ അഥ (അനന്തരം) ഭഗവാൻ വാസുദേവഃ (ഭഗവാനായ വാസുദേവൻ) സന്തോഷരാഗതരളായത ചാരുനേത്രാം കാന്താം (സന്തോഷം രാഗം ഇവകൊണ്ടു തരളമായ ആയതവും ചാരുവും ആയ നേത്രങ്ങളോടുകൂടിയ കാന്തയെ) പരിഘീകൃതാബ്ധിം (പരിഘീകൃതമായ അബ്ധിയോടുകൂടിയതും) കാന്തേന്ദ്ര...... കാന്താം (കാന്തേന്ദ്രനീലമണി നിർമ്മിതമായ ഹർമ്മ്യം കൊണ്ടു കാന്തവും ആയ) നിജപുരീം (നിജപുരിയിലേക്കു) നയൻ (നയിച്ചവനായിട്ടു) മന്ദം ജഗാദ (പറഞ്ഞു) പരിഘീകൃതം=പരിഘ (കിടങ്ങ്) യായിചെയ്യപ്പെട്ട.

ജീമൂതവാഹ......ഘനവേണി=ജീമൂതവാഹമണി (ഇന്ദ്രനീലകല്ല്)പോലെമസൃണമായ ഘനവേണിയോടുകൂടിയവൾ വേണി =തലമുടി, മസൃണം=മിനുസമുള്ള.

പല്ലവി

ജീവനാഥ! മമ ജീവനാഥ!

3. കാന്ത! തവ വചനമിതു താന്തയാമെന്നുടെ
സ്വാന്തസരസീരുഹവികാസനമഹോ
സന്തോഷവല്ലരീ കന്ദളീകന്ദമിതു
കലയാമി ചാരുകലയാമിനീപതി-
പ്രതിമാനനം കലിതമാനനം ജനൈഃ;
അളികാന്ത ലോലദളികാന്ത കുന്തളം
മഹദിന്ദ്രനീലമണിമേചകം മഹഃ 23

---

2. ദരഹസിതം=മന്ദസ്മിതം. അധരീകൃതാശേഷസുരയുവതിമണ്ഡലേ (അധരീകൃതമായ അശേഷ സുരയുവതി മണ്ഡലത്തോടുകൂടിയവളേ.) അധരീകൃതം=താഴ്ത്തപ്പെട്ട. സുരയുവതിമണ്ഡലം=ദേവസ്ത്രീസമൂഹം.

3. സന്തോഷവല്ലരീ=സന്തോഷമാകുന്ന വല്ലരി, കാന്ത............വദനേ=കാന്തമായ (മനോഹരമായ രജനീകരൻെറ. ചന്ദ്രൻെറ) കാന്തിയെ ഹരിക്കുന്ന വദനത്തോടുകൂടിയവനെ.

ശ്ലോകം 23. ചാരുകലയാമിനീപതിപ്രതിമാനനം (ചാരുകലയോടുകൂടിയയാമിനീപതിയ്ക്കു തുല്യമായ ആനനത്തോടുകൂടിയതും) ജനൈഃ കലിതമാനനം (ജനങ്ങളാൽ കലിതമാനനവും ആയ) അളി.......കുന്തളം (അളി.......കുന്തളവും) മഹദിന്ദ്രനീലമണിമേചകം (ഇന്ദ്രനീലമണിപോലെ കറുത്തതും ആയ) മഹഃ (മഹസ്സിനെ) കലയാമി=ഞാൻ വന്ദിക്കുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA5 Acc. No. 12531

This book should be returned on or before the date last stamped below.

22 JUL 1977

MA5 12531

നാരായണപ്പണിക്കർ. [illegible]
രുക്മിണീസ്വയംവരം.